കാട്ടുതീ – മഹാവിപത്ത്

## കാട്ടുതീയിൽ ദാരുണാന്ത്യം സംഭവിച്ചവർക്കുള്ള ആദരാഞ്ജലികൾ അർപ്പിക്കുന്ന

# സമ്മേളനവും സെമിനാറും

**2020 മാർച്ച് 1 ഞായറാഴ്ച കാലത്ത് 10 മണി മുതൽ വൈകുന്നേരം 4.30 വരെ**
**പള്ളം ഗവഃ എൽ.പി. സ്കൂളിൽ**

ബുദ്ധൻ പറഞ്ഞത് :- ഈ മാന്തോപ്പ് നിൽക്കുന്നിടത്തുണ്ടായിരുന്ന കാടിന് പണ്ടൊരിക്കൽ തീ പിടിച്ചു. എല്ലാ വൃക്ഷലതാദികളും, ഓടി രക്ഷപ്പെടാനാകാതെ പോയ ജന്തുജാലങ്ങളും അതിൽ വെന്തുമരിച്ചു. പറന്നുപോകാൻ സാധിച്ച പക്ഷികൾ രക്ഷപ്പെട്ടു. അവർക്കിടയിൽ ഒരു ചെറുകിളി രക്ഷപ്പെടുന്നതിനു പകരം അടുത്തുള്ളഅരുവിയിൽ പോയി വെള്ളത്തിൽ മുങ്ങി കാട്ടുതീയ്യിനു മീതെ വെള്ളം കുടഞ്ഞ് തീ കെടുത്താൻ ശ്രമിച്ചുകൊണ്ടിരുന്നു. ആവർത്തിച്ചാവർത്തിച്ച് ഈ കൃത്യം ചെയ്യുന്ന കിളിയെ നോക്കി ഇന്ദ്രൻ പരിഹസിച്ചു ചിരിച്ചു. "എന്തിനാണു കിളീ ഈ വൃഥാപ്രയത്നം? പ്രയത്നം ഫലം നൽകുന്നതായിരിക്കണം. ഇല്ലെങ്കില്ലോ അതു ചെയ്യാതിരിക്കുന്നതാണ് ബുദ്ധി" കിളി പറഞ്ഞു - "മഴയുടെ നാഥാ, അങ്ങു വിചാരിച്ചാൽ ഈ കാട്ടുതീ കെടുത്താൻ യാതൊരു പ്രയാസവുമില്ല. ഫലം നൽകുന്ന പ്രയത്നത്തെ ചെയ്യാതിരിക്കുന്നതിലാണ് അങ്ങ് ബുദ്ധി കാണുന്നത്. ഫലം നൽകുമോ എന്നു നോക്കാതെ പ്രയത്നം ചെയ്യുന്നതിൽ ഞാൻ ആനന്ദവും. അടുത്ത തവണ വെള്ളം കുടയുന്നതിനിടയിൽ കിളി തീയ്യിൽ വീണ് വെന്ത് മരിച്ചുപോയി.

ഫലം നൽകുമെന്ന് പ്രതീക്ഷിച്ചുകൊണ്ടുതന്നെ നമുക്ക് കാട്ടുതീക്കെതിരെ, പ്രകൃതിയുടെ സർവ്വനാശത്തിനെതിരെ നനഞ്ഞ ചിറകുകൾ കുടയാം. കേരളവും, ഇന്ത്യയും, ലോകവുമെല്ലാം കത്തുകയാണ്. കാടും പുഴയും എല്ലാം പ്രളയദുരന്തങ്ങൾ ആവർത്തിച്ചുകൊണ്ടിരിക്കുന്നു. പരിസ്ഥിതിയുടെ എല്ലാ അർത്ഥത്തിലുമുള്ള വൻനാശമാണ് നടന്നുകൊണ്ടിരിക്കുന്നത്. ഇപ്പോഴെങ്കിലും നമുക്ക് ഒന്നിച്ചു നിൽക്കാനും പ്രകൃതിയെ തിരിച്ചുപിടിക്കാനുള്ള പ്രയത്നത്തിൽ ഏർപ്പെടാനും കഴിയണം. 2020 മാർച്ച് 1ന് ഞായറാഴ്ച നമുക്ക് രണ്ട് പ്രകൃതി ദുരന്തങ്ങൾ ദുരിതം വിതച്ച പള്ളം കൊറ്റമ്പത്തൂരിൽ ഒത്തുചേരാം. കാട്ടുതീയിൽ നിന്ന് കാടിനെയും നാടിനെയും രക്ഷിക്കാൻ ശ്രമിക്കുമ്പോൾ ദാരുണമായി അന്തരിച്ച നമ്മുടെ പ്രിയപ്പെട്ട വനപാലകർ കെ.വി. ദിവാകരൻ, എം.കെ. വേലായുധൻ, വി.എ. ശങ്കരൻ എന്നിവർക്ക് ആദരാഞ്ജലികൾ അർപ്പിക്കാം. കാട്ടുതീ പോലുള്ള പ്രകൃതി ദുരന്തങ്ങളെ പ്രതിരോധിക്കാനും അതിജീവിക്കാനുമുള്ള മാർഗ്ഗങ്ങളെക്കുറിച്ച് ചർച്ച ചെയ്യാം. പ്രായോഗിക പ്രവർത്തനങ്ങൾക്ക് രൂപം കൊടുക്കാം. എല്ലാ പരിസ്ഥിതി സ്നേഹികളെയും ഞങ്ങൾ ഈ പരിപാടിയിലേക്ക് സ്വാഗതം ചെയ്യുന്നു.

## കാര്യപരിപാടികൾ

| | | | |
|---|---|---|---|
| രാവിലെ 9.30ന് | : **രജിസ്ട്രേഷൻ** | | |
| 10 മണി | : **ആദരാഞ്ജലികൾ അർപ്പിക്കൽ** | | |
| | : **ശ്രീ. യു.ആർ. പ്രദീപ്** (ബഹു. ചേലക്കര എം.എൽ.എ) | | |
| | : **ശ്രീമതി. എം. മഞ്ജുള** (പ്രസിഡന്റ്, ദേശമംഗലം ഗ്രാമപഞ്ചായത്ത്) | | |
| | : **ശ്രീ. കെ. ജയകുമാർ** (കെ.എഫ്.പി.എസ്.എ. മുൻ പ്രസിഡന്റ്) | | |
| | : **ശ്രീ. കെ. സലീം** (വൈസ് പ്രസിഡന്റ്, ദേശമംഗലം ഗ്രാമപഞ്ചായത്ത്) | | |
| | : **ശ്രീമതി. മാലതി.കെ** (മെമ്പർ, ദേശമംഗലം ഗ്രാമപഞ്ചായത്ത്) | | |
| 11 മണി | : **സെമിനാർ** "കാട്ടുതീ – മഹാവിപത്ത് വെല്ലുവിളികളും, പ്രതിവിധികളും" | | |
| ഉദ്ഘാടനം | : **ശ്രീ. വി.എസ്. വിജയൻ** (മുൻ ചെയർമാൻ, കേരള ജൈവ വൈവിദ്ധ്യ ബോർഡ്) | | |
| പങ്കെടുക്കുന്നവർ | : **ശ്രീ. എസ്. ശങ്കർ** | : | **ശ്രീ. ഭാസ്ക്കരൻ വെള്ളൂർ** |
| | : **ശ്രീ. ജോൺ പെരുവന്താനം** | : | **ശ്രീ. ആർ. ശ്രീധർ** |
| | : **ശ്രീ. എം.എസ്. ബിനുകുമാർ** | : | **ശ്രീ. സുശാന്ത് തിരുവനന്തപുരം** |
| | : **ശ്രീ. ഹമീദലി മലപ്പുറം** | : | **ശ്രീ. ജയചന്ദ്രൻ.എം.എൻ** |
| | : **ശ്രീമതി. ഉഷ.എസ്** | : | **ശ്രീ. പുരുഷൻ ഏലൂർ** |
| | : **ശ്രീമതി. കുസുമം ജോസഫ്** | : | **ശ്രീ. എസ്.പി. രവി** |
| | : **ശ്രീമതി. അനിത** | : | **ശ്രീ. കെ. ഗോപാലകൃഷ്ണൻ** |
| | : **ശ്രീ. ബാദുഷ** - വയനാട് | : | **ശ്രീ. സുലൈമാൻ** - ഇടുക്കി |
| | : **ശ്രീമതി. നിഭ** | : | **ശ്രീ. സി. രാജഗോപാലൻ** |
| | : **ശ്രീ. ജയപ്രകാശ്** | : | **ശ്രീ. റഹീം തലനാട്** |
| | : **ശ്രീ. ശശി പാലക്കാട്** | : | **ശ്രീ. മോഹൻദാസ്** |
| ഉച്ചക്ക് 1.30ന് | : **ഭക്ഷണം** | | |
| 2 മണി | : **വനം വകുപ്പ് വാച്ചർമാരുടെ അനുഭവനങ്ങൾ പങ്കിടൽ** | | |
| 3 മണി | : **പ്രായോഗിക പ്രവർത്തനങ്ങളെക്കുറിച്ച് ചർച്ചയും പദ്ധതി രൂപീകരണവും** | | |

എല്ലാ പരിസ്ഥിതി സ്നേഹികളും മുഴുവൻ സമയവും ഈ പരിപാടിയോട് ക്രിയാത്മകമായി സഹകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

**–ടീം ഫയർ ഫ്രീ ഫോറസ്റ്റ് കേരള**

സഹകരണം

പാഠശാല ആറങ്ങോട്ടുകര, ദി ഗ്രൂപ്പ് ദേശമംഗലം, ഗ്രാമീണവായനശാല ദേശമംഗലം, ഗ്രാമീണ വായനശാല തലശ്ശേരി, തണൽ സാംസ്കാരിക കൂട്ടായ്മ തലശ്ശേരി

Creations#9447709351




## ഒഴുകണം കബനിയും
## കൈവഴികളും......

**ഫ്രണ്ട്സ് ഓഫ് ലത, വയനാട് പ്രകൃതി സംരക്ഷണ
സമിതി എന്നിവരുടെ സഹകരണത്തോടെ
ബാണാസുര പ്രകൃതി സംരക്ഷണ സമിതി
പടിഞ്ഞാറത്തറ, ചങ്ങാതിക്കൂട്ടം വാട്സ്ആപ്പ് കൂട്ടായ്മ**

എന്നിവർ സംഘടിപ്പിക്കുന്ന

# കൺവെൻഷൻ

**2019 ഫെബ്രുവരി 16 ശനി 2.30 ന്**

**പടിഞ്ഞാറത്തറ സാംസ്കാരിക നിലയത്തിൽ**

പങ്കെടുക്കുക... വയനാടിനെ സംരക്ഷിക്കുക.

ഒരിക്കൽ ലോകത്തു ഏറ്റവും കൂടുതൽ മഴ പെയ്തിരുന്ന പ്രദേശമായിരുന്നു വയനാട്. ഫലപുഷ്ടമായ മണ്ണും സമ്പന്നമായ കൃഷിയും നമുക്കുണ്ടായിരുന്നു. അന്ന് കർഷകന്റെ സ്വർഗ്ഗമായിരുന്ന വയനാട് ഇപ്പോൾ ഒരു കാർഷിക സ്മശാന ഭൂമിയായിരിക്കുന്നു. മരുവത്ക്കരണം അതിവേഗം നമ്മെ ഗ്രസിച്ചുകൊണ്ടിരിക്കുന്നു.

ഇക്കഴിഞ്ഞ ഓഗസ്റ്റിൽ സമാനതകളില്ലാത്ത പ്രളയത്തിന്റെ കാളരാത്രിയാണ് വയനാട്ടുകാർക്ക് അനുഭവിക്കേണ്ടി വന്നത്. സകലതും ഉപേക്ഷിച്ചു ജീവനും കൊണ്ട് നൂറുകണക്കിന് ആളുകൾ ഓടി രക്ഷപ്പെടുകയായിരുന്നു. അയ്യായിരത്തിലധികം ഏക്കർ കൃഷി വെള്ളത്തിൽ മൂടി. കോടിക്കണക്കിനു നഷ്ടമുണ്ടായി. KSEB യുടെ നിരുത്തരവാദിത്വപരമായ നടപടികൾ കൊണ്ട് ഉണ്ടായ പ്രളയമായിരുന്നു അത്, കേരളത്തിൽ മറ്റിടങ്ങളിൽ മുന്നറിയിപ്പും ദുരന്തനിവാരണ തയ്യാറെടുപ്പുകളും ഉണ്ടായിരുന്നെങ്കിലും വയനാട്ടിൽ ജനങ്ങളോ, ജില്ലാ കളക്ടർ പോലുമോ അറിയാതെ അർദ്ധരാത്രിയിൽ ഡാം തുറന്നുവിടുകയായിരുന്നു.

ബാണാസുര സാഗർ അണക്കെട്ട് വന്ന ശേഷം ഡാമിന്റെ താഴ്ഭാഗത്തുള്ള കബനിയുടെ കൈവഴികളിൽ മിക്ക വർഷങ്ങളിലും വെള്ളപ്പൊക്കം ഉണ്ടാകാറുണ്ട്. ഇന്നത്തെ സാഹചര്യത്തിൽ ഇനിയും അത് തുടർന്നേക്കാം. ഡാം മാനേജ്മെന്റിന്റെ പ്രാധമിക മര്യാദകൾ പോലും KSEB പാലിക്കുന്നില്ല. ജനങ്ങളുടെ ജീവനും

സ്വത്തിനും KSEB യാതൊരു വിലയും കൽപ്പിക്കുന്നില്ല. ഡാം നിർമ്മാണ സമയത്ത് കുടിവെള്ളവും കാർഷികാവശ്യത്തിനുള്ള വെള്ളവും നൽകാമെന്ന വാഗ്ദാനം പാലിക്കുന്നില്ല. കോടികൾ മുടക്കി കുറേ കനാലുകൾ നിർമ്മിച്ചു പൊതുമുതൽ ഉദ്യോഗസ്ഥരും കരാറുകാരും കട്ടുമുടിക്കുന്നു.

ഒരു നാടിന്റെ ജീവനാഡിയായ കടമാൻ തോട് (മാടത്തുംപാറ, പുതുശ്ശേരി, പനമരം പുഴ) വേനൽ കാലങ്ങളിൽ ഉണങ്ങി വരണ്ട് മരിച്ചിരിക്കുന്നു. അധികൃതർ ജനങ്ങൾക്ക് നൽകിയ ഉറപ്പ് പാലിക്കപ്പെടണം. വേനൽ കാലങ്ങളിൽ ഒരു നിശ്ചിത അളവ് വെള്ളം തുറന്ന് വിട്ട് പുഴയെ ജീവനോടെ നിലനിർത്തണം. മഴക്കാലങ്ങളിൽ പ്രളയം നിയന്ത്രിക്കാൻ ഡാമിനെ ഉപയോഗപ്പെടുത്തണം. വയനാട്ടിലെ നദികളെ ഏത് വിധേനയും നില നിർത്തണം. ഇതിനായി ശക്തമായ ജനവികാരം ഉയരണം. അതിന്റെ തുടക്കമാണ് ഈ കൺവെൻഷൻ. മുഴുവൻ ആളുകളെയും കൺവൻഷനിലേക്ക് ക്ഷണിക്കുന്നു.

ഹുസൈൻ യു. സി
ചെയർമാൻ സംഘാടക സമിതി

ചങ്ങാതിക്കൂട്ടം
വാട്സ്അപ്പ് കൂട്ടായ്മ പടിഞ്ഞാറത്തറ

## ഒഴുകണം കബനിയും, കൈവഴികളും
## പങ്കെടുക്കുന്നവർ

സ്വാഗതം : യു.സി. ഹുസൈൻ
(ബാണാസുര പ്രകൃതി സംരക്ഷണ സമിതി)

ഉദ്ഘാടനം : കെ. ബി. നസീമ (ബഹു:ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട്)

: നൗഷാദ് എം. പി (പഞ്ചായത്ത് പ്രസിഡണ്ട് പടിഞ്ഞാറത്തറ)

: ഡോ. ടി.വി. സജീവ്
(പരിസ്ഥിതി പ്രവർത്തകൻ, KFRI തൃശൂർ)

: എസ്. പി. രവി (റിവർ റിസർച്ച് സെന്റർ, തൃശ്ശൂർ)

: സുമ വിഷ്ണു (KSSRF പുത്തൂർവയൽ)

**തുടർന്ന് പ്രളയ ബാധിതരും കബനി തിരങ്ങളിൽ താമസിക്കുന്നവരും അനുഭവങ്ങൾ പങ്കുവെക്കുന്നു**



വിന്നർ പടിഞ്ഞാറത്തറ 9446257623

# ആദിവാസിക്ക് 10 സെന്റ് ഭൂമി: അവഹേളനവും വഞ്ചനയും.

വയനാട്ടിലെ ഭൂരഹിതരായ ആദിവാസികൾക്ക് 10 സെന്റ് വീതം ഭൂമി നൽകുമെന്ന ജില്ലാ ഭരണകൂടത്തിന്റെ പ്രഖ്യാപനം സമീപകാലത്തുണ്ടായ ഏറ്റവും കൊടിയ ആദിവാസി വഞ്ചനയും ഒരിക്കൽ വയനാട് ഒന്നാകെ സ്വന്തമായുണ്ടായിരുന്ന ഗോത്രജനതയെ അവഹേളിക്കുന്ന നടപടിയുമാണ്. അഭിമാനികളായ ആദിവാസി സമൂഹം കൊടും ചതി തിരിച്ചറിയണം. ആദിവാസികൾക്ക് ന്യായവും ജീവിക്കാനാവശ്യവുമായ അളവിൽ ഭൂമി നൽകാൻ ഭരണകൂടം തയ്യാറാകണം.

ഹാരിസൺ മലയാളത്തിൽ നിന്നും പിടിച്ചെടുത്ത തൊവരിമലയിലെ വനഭൂമിയിൽ നിന്നും ഒഴിപ്പിക്കപ്പെട്ട ശേഷം കലക്ട്രേറ്റ് പടിക്കൽ സമരം തുടരുന്ന ഭൂസമരസമിതിയുടെ ന്യായമായ ആവശ്യങ്ങൾ ഉടനടി അംഗീകരിച്ച് പ്രശ്നം ഒത്തുതീർപ്പാക്കണമെന്നും പ്രകൃതി സംരക്ഷണ സമിതി ആവശ്യപ്പെടുന്നു. വയനാട്ടിലെ ഭൂരഹിതരായ ആദിവാസികൾ, തോട്ടം തൊഴിലാളികൾ, മറ്റു ദരിദ്രർ എന്നിവർക്കൊക്കെയും നൽകാനും വയനാടിന്റെ വികസന പദ്ധതികൾക്കും ഉള്ള ഭൂമി വൻകിട തോട്ടമുടമകളും കമ്പനികളും നിയമവിരുദ്ധമായി കൈവശം വെച്ചുവരുന്നുണ്ട്. ഹാരിസൺ മലയാളം, പോഡാർ പ്ലാന്റേഷൻ എന്നിവരുടെ കൈവശം മാത്രം ഇരുപതിനായിരത്തിൽ ഏക്കർ അധിക ഭൂമി കൈവശമുണ്ടെന്ന് നിവേദിത പി. ഹരൻ, രാജമാണിക്യം എന്നിവർ സർക്കാരിന് റിപ്പോർട്ട് നൽകിയിട്ടുണ്ട്. ഭൂരഹിതരായ ആദിവാസികൾക്കു മാത്രം പതിച്ചു കൊടുക്കാൻ സുഗന്ധഗിരിയിൽ 1550 ഏക്കറും ചീക്കോട്ട് 531 ഏക്കറും കേന്ദ്രവനം പരിസ്ഥിതി മന്ത്രാലയം സംസ്ഥാനത്തിന് വിട്ടുകൊടുക്കുകയും സുപ്രീം കോടതി അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇരുളം പ്രദേശത്തെ 250 ഏക്കർ ഭൂമിയും ചീക്കോട് വെറ്ററിനറി യൂണിവേഴ്സിറ്റിയുടെ 150 ഏക്കർ ഭൂമിയും ആദിവാസികൾക്ക് മാത്രം പതിച്ചുകൊടുക്കേണ്ടതാണ്.

ആദിവാസികളെയും തോട്ടം തൊഴിലാളികളെയും ഭൂരഹിതരെയും ഭരണ-പ്രതിപക്ഷങ്ങൾ ഉൾപ്പെടെയുള്ള രാഷ്ട്രീയക്കാർ നിരന്തരം വഞ്ചിച്ചുകൊണ്ടിരിക്കുകയാണ്. ഭൂമിക്കും നിലനിൽപ്പിനുമായി അവർ നടത്തുന്ന ന്യായവും ജനാധിപത്യപരവുമായ സമരത്തെ പ്രകൃതി സംരക്ഷണ സമിതി പിന്താങ്ങും.

സു: ബത്തേരി.
29-4-2019.

എന്ന്
N. ബാദുഷ
പ്രസിഡണ്ട്, വയനാട് പ്രകൃതി സംരക്ഷണ സമിതി.

# APPENDIX

Petitioner's Exhibits

<u>പത്രകുറിപ്പ്</u>

# കടച്ചിക്കുന്ന് ക്വാറിയുടെ ലൈസൻസ് റദ്ദാക്കുക

മൂപ്പൈനാട് ഗ്രാമ പഞ്ചായത്തിലെ പാടിവയൽ കടച്ചിക്കുന്ന് കോട്ടനാട് നൈനിറ്റാൾ എസ്റ്റേറ്റിൽ ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയുടെ ഉത്തരവിനെയും നിലവിലുള്ള നിയമങ്ങളേയും കാറ്റിൽ പറത്തി, ഒരു സംഘം ഉദ്യോഗസ്ഥരുടെ സഹായത്തോടെ ഹൈക്കോടതിയെ തെറ്റിദ്ധരിപ്പിച്ച് പുതിയ ക്വാറിക്ക് അനുമതി നേടിയത് റദ്ദാക്കണമെന്ന് വയനാട് പ്രകൃതി സംരക്ഷണ സമിതി ആവശ്യപ്പെടുന്നു. ക്വാറി നിയമാനുസൃതമല്ലെങ്കിൽ റദ്ദാക്കണമെന്ന് ഹൈക്കോടതി ഉത്തരവിൽ തന്നെ പറയുന്നുണ്ട് അതനുസരിച്ച് നൽകിയ ലൈസൻസ് റദ്ദാക്കണമെന്ന് മൂപ്പൈനാട് പഞ്ചായത്തിനോട് ഞങ്ങൾ ആവശ്യപ്പെടുന്നു.

ലൈസൻസ് നൽകിയിട്ടുള്ള സ്ഥലം തോട്ട ഭൂമിയാണ്. തോട്ട ഭൂമി തരം മാറ്റുന്നതിന് ലാന്റ് ബോർഡിന്റെ അനുമതി ആവശ്യമാണെങ്കിലും ആയത് ലഭ്യമായിട്ടില്ല കഴിഞ്ഞ പ്രളയത്തിൽ 17 പേർ മരിച്ച പുത്തുമലയും 2009 ലെ പ്രളയത്തിൽ ഒരാൾ വീതം മരിച്ച നീലിമലയും കാന്തംപാറയും നിർദ്ദിഷ്ഠ ക്വാറിക്ക് വളരെ അടുത്താണ്.

ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയുടെ 2019 ആഗസ്റ്റ് 21 ന്റെ സൊണേഷൻ മാപ്പ് പ്രകാരം അതീവ ഗുരുതരമായ ഉരുൾപ്പൊട്ടൽ സാധ്യതയുള്ള പ്രദേശമായി മൂപ്പൈനാട് വില്ലേജിനെ പ്രഖ്യാപിച്ചിട്ടുണ്ട്. ഇത്തരം പ്രദേശങ്ങളിൽ യാതൊരു പരിസ്ഥിതി വിരുദ്ധ ഇടപെടലുകളും പാടില്ലെന്നും ഉത്തരവിലുണ്ട്. എന്നാൽ ക്വാറി അനുവദിക്കുമ്പോൾ ഇതൊന്നും പരിഗണിച്ചിട്ടില്ല.

നിർദ്ദിഷ്ഠ ക്വാറിക്ക് ചുറ്റും ആദിവാസികൾ അടക്കമുള്ള ജനവാസ കേന്ദ്രമാണ്. സ്കൂളും ആരാധന കേന്ദ്രങ്ങളും അംഗൺവാടിയും, ഹെൽത്ത് സെന്ററും കേവലം 100 മീറ്റർ അടുത്താണ്. പുറം ലോകവുമായി ഇവർക്ക് ബന്ധപ്പെടാനുള്ള ഏക വഴി ക്വാറിക്ക് സമീപത്തുകൂടിയാണ് കടന്ന് പോകുന്നത്. ക്വാറിയുടെ 100 മീറ്റർ സമീപം വരെ വെസ്റ്റഡ് ഫോറസ്റ്റാണ്.

വളരെ ഉയരത്തിലുള്ള ഈ പാറക്കെട്ടിൽ നിന്നും ഉൽഭവിക്കുന്ന രണ്ടിലധികം നീരുറവകളാണ് സമീപ പ്രദേശങ്ങളിലെ കുടിവെള്ളത്തിനാധാരം ക്വാറി പ്രവർത്തിക്കുന്നതോടെ അനാഥമാകുന്ന ചതുപ്പ് ഈ പ്രദേശത്തുണ്ട്.

വയനാട്ടിലെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് എത്ര കരിങ്കല്ല് ആവശ്യമാണെന്നും അത് എങ്ങനെ എവിടെ നിന്നും എത്ര അളവിൽ ഖനനം നടത്തണമെന്നുമുള്ള പഠനങ്ങൾക്ക് ജില്ലാ ഭരണ കൂടം തയ്യാറാവണം. കരിങ്കലിന്റെ ഖനനവും വിതരണവും ഗ്രാമസഭകളെ

ഏൽപ്പിക്കണം. ഗ്രാമീണ ജനങ്ങളുടെ തൊഴിൽ സാധ്യത ഉറപ്പ് വരുത്തി കൊണ്ട് ഖനനത്തിന് വൻകിട യന്ത്രങ്ങൾ ഉപയോഗിക്കുന്നത് തടയണം വർഷങ്ങളായി ക്വാറി നിരോധനം നിലവിലുള്ള നീലഗിരി ജില്ലയേയും വൻകിട ക്രഷറുകളെയും ഉദ്ദേശിച്ചാണ് തമിഴ്നാട് അതിർത്തിയിൽ കോടികൾ വാരിയെറിഞ്ഞ് ഈ ക്വാറി സ്ഥാപിക്കാൻ ശ്രമിക്കുന്നതെന്ന് വ്യക്തമാണ്.

അഞ്ച് ഹെക്ടറിന് മുകളിലുള്ള ഖനനത്തിന് മാത്രമേ സംസ്ഥാന പരിസ്ഥിതി ആഘാത സമിതിയുടെ അനുമതി ആവശ്യമുള്ളു എന്നിരിക്കെ രണ്ട് ഹെക്ടറിന് താഴെ മാത്രമുള്ള ക്വാറിക്ക് അനുമതി നൽകിയത് ജില്ലാ തല സമിതിയെ നോക്കുകുത്തിയാക്കി സംസ്ഥാന ആഘാത പഠന സമിതിയാണ് എന്നത് ഇതിൽ നടന്ന വൻ അഴിമതിയാണ് കാണിക്കുന്നത്.

അതിദാരുണമായ പരിസ്ഥിതി ദുരന്തങ്ങൾ ഏറ്റുവാങ്ങിയ വയനാട്ടിൽ തല ഉയർത്തികൊണ്ടിരിക്കുന്ന ക്വാറി, ഉദ്യോഗസ്ഥ, രാഷ്ട്രീയ കൂട്ടുകെട്ടിനെതിരെ കരുതിയിരിക്കണമെന്ന് വയനാട് പ്രകൃതി സംരക്ഷണ സമിതി ആവശ്യപ്പെടുന്നു.

ലഭിച്ചു
26.2.20

തോമസ് അമ്പലവയൽ
എൻ ബാദുഷ
ബാബു മൈലമ്പാടി
വയനാട് പ്രകൃതി സംരക്ഷണ സമിതി

## വയനാട് പ്രകൃതി സംരക്ഷണ സമിതി

### വയനാടിന്റെ ദുരന്തത്തിന് കാരണക്കാരായ മൈനിംഗ് ആന്റ് ജിയോളജിയെ കുറ്റവിചാരണ ചെയ്യണം

സമീപ കാലത്തായി വയനാട്ടിൽ സംഭവിച്ചുകൊണ്ടിരിക്കുന്ന പരിസ്ഥിതി ദുരന്തങ്ങളിൽ മൈനിംഗ് ആന്റ് ജിയോളജി വകുപ്പിനുള്ള പങ്കിനെക്കുറിച്ച് സമഗ്രമായ അന്വേഷണം നടത്തണമെന്നും, കഴിഞ്ഞ 30 വർഷത്തിനിടെ വയനാട്ടിൽ ജോലി ചെയ്ത ഉദ്യോഗസ്ഥരെയും ആ വകുപ്പിനെത്തന്നെയും കുറ്റവിചാരണ ചെയ്യാൻ പൊതുസമൂഹം മുന്നോട്ടുവരണമെന്നും വയനാട് പ്രകൃതി സംരക്ഷണ സമിതി ആവശ്യപ്പെടുന്നു. വയനാടിന്റെ ഭൂഘടനയേക്കുറിച്ചോ പരിസ്ഥിതി പ്രത്യേകതകളേക്കുറിച്ചോ കരിങ്കൽശേഖരമടക്കമുള്ളഖനിജങ്ങളെക്കുറിച്ചോ യാതൊരു ശാസ്ത്രീയ പഠനവും ഈ വകുപ്പ് നാളിതുവരെ നടത്തിയിട്ടില്ല.

രാഷ്ട്രീയ പാർട്ടികളുടെയും മത സംഘടനകളുടെയും ശക്തമായ പിൻതുണയോടെ ലക്കും ലഗാനവുമില്ലാതെ കുന്നുകൾ ഇടിച്ച് നിരത്തി റിസോർട്ടുകൾ നിർമ്മിക്കാനും ചതുപ്പുകൾ നികത്താനും കരിങ്കൽ ക്വാറികളും ക്രഷറുകളും തുടങ്ങുവാനും ഇവർ ലൈസൻസ് നൽകിയിട്ടുണ്ട്. വയനാട്ടിലെ മനുഷ്യസ്പർശമേൽക്കാൻ പാടില്ലാത്ത മലഞ്ചെരുവുകളിൽ ക്വാറികൾക്ക് ലൈസൻസ് നൽകിയത് ഇവരാണ്. വയനാട് ജില്ലാ കളക്ടർ, പോലീസ് സൂപ്രണ്ട്, തഹസിൽദാർമാർ എന്നിവരൊക്കെ ആരാവണമെന്ന് നിശ്ചയിച്ചിരുന്നത് കരിങ്കൽ മാഫിയയായിരുന്നു. വയനാടിന്റെ ചോരയും നീരുമൂറ്റി ജിയോളജി ഉദ്യോഗസ്ഥർ സമ്പാദിച്ചുകൂട്ടിയ കോടിക്കണക്കിന് രൂപയുടെ സ്വത്തുക്കൾ പിടിച്ചെടുക്കാനുള്ള ആർജ്ജവം കേരള സർക്കാർ കാണിക്കണം.

എടക്കൽഗുഹയുടെ പരിസരത്തും കുറുമ്പാലക്കോട്ടയിലും പുത്തുമലിലുമെല്ലാം നിർവിഘ്നം നടന്ന പ്രകൃതി ധ്വംസനത്തിന്റെ ഉത്തരവാദികൾ മൈനിംഗ് & ജിയോളജിവകുപ്പാണ്. ജനങ്ങളിൽ ഭീതി പരത്തിക്കൊണ്ട് ഇപ്പോഴും പ്രവർത്തിക്കുന്ന ക്വാറികൾ അടച്ചുപൂട്ടണമെന്നും മലഞ്ചെരുവുകളിലെ റിസോർട്ടുകൾക്കുള്ള അനുമതി റദ്ദാക്കണമെന്നും പ്രകൃതിസംരക്ഷണസമിതി ആവശ്യപ്പെടുന്നു.

ആവർത്തിച്ചുകൊണ്ടിരിക്കുന്ന ദുരന്തങ്ങളുടെ പശ്ചാത്തലത്തിൽ സർക്കാർ നിശ്ചയിച്ച വിദഗ്ദസമിതി ജനവാസയോഗ്യമല്ലെന്നുകണ്ടെത്തിയ നൂറിലധികം പ്രദേശത്തെ ജനങ്ങളെ അടിയന്തരമായി മാറ്റിപ്പാർപ്പിക്കണം. ഇവർക്ക് വാസയോഗ്യമായ ഭൂമി കണ്ടെത്തൽ നിഷ്പ്രയാസമാണ്. വനികിട തോട്ടമുടമകൾ നിയമവിരുദ്ധമായി കൈവശം വച്ചുവരുന്ന അധികഭൂമി പിടിച്ചെടുത്താൽ മാത്രം ആവശ്യത്തിലധികം ഭൂമി ലഭ്യമാകും.

നിർഭയവും ഭാവനാപൂർണ്ണവും പരിസ്ഥിതിക്ക് മുറിവേൽപ്പിക്കാത്തതുമായ പുനർനിമ്മാണത്തിന് ജില്ലാ ഭരണകൂടം ധൈര്യപ്പെടുന്നില്ലെങ്കിൽ ഉരുൽ പൊട്ടൽ, മണ്ണിടിച്ചൽ ,മിന്നൽ പ്രളയം തുടങ്ങിയവ വയനാടിനെ നരക സമാനമാക്കി മാറ്റുമെന്ന് പ്രകൃതിസംരക്ഷണ സമിതി മുന്നറിയിപ്പു നൽകുന്നു.

സമിതി യോഗത്തിൽ ബാബു മൈലമ്പാടി അദ്ധ്യക്ഷൻ, തോമസ്സ് അമ്പലവയൽ, ഗോപാലകൃഷ്ണൻ മൂലങ്കാവ്, ശ്രീരാമൻ നൂൽപ്പുഴ, സണ്ണി മരക്കടവിൽ ജസ്റ്റിൻ വാഴവറ്റ, എൻ ബാദുഷ, എ.വി.മനോജ്, പി.എം സുരേഷ്, എം ഗംഗാധരൻ എന്നിവർ പ്രസംഗിച്ചു.

സുൽത്താൻ ബത്തേരി
25-09-2019

എന്ന്
എൻ. ബാദുഷ

ബന്ദിപ്പൂർ യാത്രാനിരോധനത്തിന്റെ പ്രസക്തി.

കൺവെൻഷൻ: ഒക്ടോബർ 19 ശനി 3-30 മണി.

കോഴിക്കോട് സ്പോർട്സ് കൗൺസിൽ ഹാൾ (മാനാഞ്ചിറ സ്ക്വയർ)

ഡോ: രാജ്കുമാർ ദേവരാജ് അരസ് (ഡയറക്ടർ, വൈൽഡ് ലൈഫ് കൺസർവേഷൻ ഫൗണ്ടേഷൻ, മൈസൂരു), ഗവേഷകൻ ദിപിൻ മുരുകേശൻ, വിഷയം അവതരിപ്പിക്കുന്നു.

— കേരള പരിസ്ഥിതി ഐക്യവേദി.

ഡോ: രാജ്കുമാർ ദേവരാജ് അരസ്: കർണ്ണാടകയിലെ പ്രശസ്ത പരിസ്ഥിതിപ്രവർത്തകൻ. പക്ഷിനിരീക്ഷകൻ. കൃഷിവിദഗ്ധൻ. ഓണററി വൈൽഡ് ലൈഫ് വാർഡൻ. 2009ൽ രാത്രിയാത്രാനിരോധനം ഏർപ്പെടുത്തുന്നതിന് ~~5 വർഷം മുൻപും~~ മുൻപ് 5 വർഷവും നിരോധനശേഷവും വന്യജീവികളുടെ റോഡുമരണങ്ങളെക്കുറിച്ച് പഠനം നടത്തി. കർണ്ണാടക വനംവകുപ്പ് കർണാടക ഹൈക്കോടതിയിലും സുപ്രീംകോടതിയിലും സമർപ്പിച്ചത് രാജ്കുമാറിന്റെ പഠനമാണ്.

—

# മാധവ് ഗാഡ്ഗിൽ വ്യാഴാഴ്ച വയനാട്ടിൽ

പ്രളയാനന്തരകാലത്ത് കേരളത്തിൽ ഏറ്റവുമധികം ചർച്ചചെയ്യപ്പെട്ട ഗാഡ്ഗിൽ കമ്മറ്റി ചെയർമാൻ പ്രൊഫ. മാധവ് ഗാഡ്ഗിൽ ഈ മാസം 5 ന് വ്യാഴാഴ്ച വയനാട് സന്ദർശിക്കുന്നു. പ്രളയവും മലയിടിച്ചിലും ഉരുൾപൊട്ടലും ദുരന്തം വിതച്ച പുത്തുമല തുടങ്ങിയ പ്രദേശങ്ങൾ ഗാഡ്ഗിൽ സന്ദർശിക്കും. പരിസ്ഥിതി പ്രവർത്തകരും ദുരന്തത്തിന്റെ ഇരകളുമായി അദ്ദേഹം സംവദിക്കുന്നു. ഉച്ചക്ക് 1.30 ന് കൽപറ്റ ലളിത് മഹൽ ഓഡിറ്റോറിയത്തിൽ പൊതുപരിപാടിയിൽ സംബന്ധിക്കുന്ന പ്രൊഫ. ഗാഡ്ഗിൽ വയനാട്ടിലെയും മറ്റു പശ്ചിമഘട്ട പ്രദേശങ്ങളിലെയും കർഷകരുടെ മാഗ്നാക്കാർട്ടയാകുമായിരുന്ന വിദഗ്ദസമിതിയുടെ യഥാർത്ഥ നിലപാടുകൾ വിശദീകരിക്കും.

ലോകത്തിലെ തന്നെ ഏറ്റവു പഴക്കമുള്ളതും ലോകപൈതൃകപട്ടികയിൽ ഇടം പിടിച്ചതും ജൈവവൈവിധ്യങ്ങളുടെ സുപ്രധാന കലവറയുമായ പശ്ചിമഘട്ടത്തെ സർവ്വനാശത്തിൽ നിന്നും രക്ഷിക്കുവാനുള്ള നടപടികൾ ശുപാർശചെയ്യാനായി കേന്ദ്രവനം-പരിസ്ഥിതി മന്ത്രാലയം 2010 ലാണ് മാധവ്ഗാഡ്ഗിൽ ചെയർമാനായ പശ്ചിമഘട്ട പരിസ്ഥിതി വിദഗ്ദസമിതി രൂപീകരിച്ചത്.

വിദഗ്ദ കമ്മിറ്റി ശുപാർശകൾക്കെതിരെ ഗോവയിലെയും മഹാരാഷ്ട്രയിലെയും കർണ്ണാടകയിലെയും ഖനനലോബികൾ രംഗത്തുവന്നു. കേരളത്തിൽ രാഷ്ട്രീയപാർട്ടികളും മതസംഘടനകളും നേതൃത്വംകൊടുത്ത അക്രമാസക്തമായ മത്സരങ്ങൾ നടന്നു. ഗാഡ്ഗിൽ ശുപാർശകൾ കർഷകവിരുദ്ധവും തൊഴിലാളിവിരുദ്ധവുമാണെന്ന തെറ്റിദ്ധാരണ വ്യാപകമായി പ്രചരിക്കപ്പെട്ടു.

പശ്ചിമഘട്ടം അടിയന്തിരമായി സംരക്ഷിച്ചില്ലെങ്കിൽ കേരളം കനത്ത വില നൽകേണ്ടിവരുമെന്ന് ഗാഡ്ഗിൽ മുന്നറിയിപ്പു നൽകിയിരുന്നു. കഴിഞ്ഞ രണ്ടു വർഷവും ഉണ്ടായ മഹാപ്രളയത്തെയും മലയിടിച്ചിലിനെയും തുടർന്ന് ഗാഡ്ഗിൽ ശുപാർശകളെ എതിർത്ത സംസ്ഥാന-കേന്ദ്ര സർക്കാറുകളും രാഷ്ട്രീയ സംഘടനകളും പുനർവിചിന്തനം തുടങ്ങുകയും ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ട് നടപ്പാക്കണമെന്ന മുറവിളി ഉയരുകയും ചെയ്യുന്ന സാഹചര്യത്തിലാണ് പ്രൊഫ. ഗാഡ്ഗിൽ വയനാട് സന്ദർശിക്കുന്നത്. വയനാട്ടിലെ പരിപാടിക്കുശേഷം അദ്ദേഹം കണ്ണൂരിലേക്കു പോകും.


അഡ്വ: ചാത്തുക്കുട്ടി(ചെയർമാൻ)
എൻ.ബാദുഷ(കൺവീനർ)
സ്വാഗതസംഘം. വയനാട് പരിസ്ഥിതികൂട്ടായ്മ

കൽപ്പറ്റ
01/09/2019

(1) ഇന്നത്തെ അവസ്ഥ സൃഷ്ടിച്ചവരി
എതിർക്കുന്നവരുടെ പക്കൽ നിർദേശ
ങ്ങൾ ആവശ്യപ്പെട്ടിട്ടില്ല

(2) പൊതുസമൂഹത്തിന്റെ പരിസ്ഥിതിസംരക്ഷണ
ബോധ സ്ഥിരീകരണം, വ്യക്തി സംരക്ഷണത്തിലൂടെ
നിക്ഷേപമുള്ള ആദ്യ സംവിധാനം ഏകീകരിച്ച
ഉപരോധ സ്ഥിതി ഉദ്ദേശിച്ച ...
ണെ വിലയിരുത്തണം. തീരുമാനിക്കുന്ന

(3) നാളെ



സുഹൃത്തേ ,

വി. എം ഹരിദാസ് ഓർമ്മയായിട്ട് മൂന്ന് വർഷം തികയുകയാണ്. കൃഷിയെ ജീവന് തുല്യം സ്നേഹിക്കുകയും രാസ -കീടനാശിനികളില്ലാത്ത പ്രകൃതി സൗഹൃദ കൃഷിയുടെ പ്രചരണ പ്രവർത്തനങ്ങളിൽ സജീവ പങ്കാളിയാവുകയും ചെയ്ത പരിസ്ഥിതി പ്രവർത്തകനായിരുന്നു ഹരിദാസ്. ഹരിദാസിന്റെ ഓർമ്മക്കായി അദ്ദേഹത്തിന്റെ ബന്ധുക്കളും സുഹൃത്തുക്കളും ചേർന്ന് നൽകുന്ന വയനാട്ടിലെ മികച്ച കർഷകനുള്ള അവാർഡ് സമർപ്പണവും സ്മാരക പ്രഭാഷണവും മാർച്ച് മാസം 7 -നു വ്യാഴാഴ്ച നടത്തും.

ഈ വർഷത്തെ വിശിഷ്ടാതിഥി, പ്രകൃതി സൗഹൃദ കൃഷിക്കും കാർഷിക മേഖലയുടെ സുസ്ഥിരമായ നിലനിൽപ്പിനും വേണ്ടി അക്ഷീണം പ്രയത്നിച്ചു കൊണ്ടിരിക്കുന്ന കേരള മുൻ ചീഫ് സെക്രട്ടറിയും പ്രശസ്ത ഗാന്ധിയനും സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റിന്റെ ചെയർമാനും ആയ ശ്രീ എസ്. എം. വിജയാനന്ദ് ആണ് .

താങ്കൾ സുഹൃത്തു ക്കൾക്കും കുടുംബാംഗങ്ങൾക്കും ഒപ്പം പരിപാടിയിൽ പങ്കെടുക്കണമെന്ന് താത്പര്യപ്പെടുന്നു .

നൂൽപ്പുഴ
28. 2. 2019

മറുകര ഗംഗാധരൻ
ചെയർമാൻ, സംഘാടക സമിതി


## ആലത്തൂർ കരിമ്പൻ: കർഷക വയനാടിന്റെ കരുത്തുറ്റ പാരമ്പര്യം

ഗ്രോത്രബന്ധങ്ങളുടെയും പാരമ്പര്യത്തിന്റെയും നൈരന്തര്യമെന്നോണം അതിസമ്പന്നമായ ഗതകാല വയനാടൻ കാർഷികസമൃദ്ധിയുടെ അന്തസ്സുറ്റ പ്രതീകവും കാലത്തിന്റെ പ്രത്യാശയുമാണ് ആലത്തൂർ കരിമ്പൻ. അദ്ദേഹം കൃഷി ആരംഭിക്കുന്നത് 1944ൽ പുത്തൻകുന്ന് ജി എൽ.പി സ്ക്കൂളിൽനിന്നും 4-ാം തരം പാസ്സായി, 1955ൽ വിവാഹിത നാവുന്നതോടെയാണ്. കുടുംബവിഹിതമായി ലഭിച്ച 150 നാടൻ കന്നുകാലികളും, 24 ഏക്കർ നെൽവയലുമായി, മുത്തങ്ങയ്ക്കടുത്ത ആലത്തൂർ വനഗ്രാമത്തിൽ താമസമാക്കി സ്വന്തമായി കൃഷിയാരംഭിച്ചു. വനഗർഭത്തിലെ പുഷ്ടമായ ചേറ്റു കണ്ടങ്ങളിൽ മണ്ണുവെളിയനും, കുട്ടിവെളിയനും, തൊണ്ടിയും പാൽതൊണ്ടിയും കനലിയും ഗന്ധകശാലയും ജീരകശാലയും കല്ലടിയാര്യനുമൊക്കെ ഗർവ്വോടെ നൂറുമേനി വിളഞ്ഞ് നിറഞ്ഞാടി. അവയിൽ നിന്നും മുന്തിയതിനെ പക്കം നോക്കി പാകത്തിൽ കൊയ്തെടുത്ത് തണലിലുണക്കി സംസ്ക്കരിച്ച് വിത്തുകളാക്കി സൂക്ഷിച്ചു.

പത്തിലധികം മുളം പെടാത്തികളിൽ നിന്നും വർഷാവർഷം ചാണകം വാരിയെടുത്ത ശേഷം ആദ്യത്തെകൊല്ലം പുകയിലയും രണ്ടാം കൊല്ലം മുളകും കൃഷി ചെയ്തിരുന്നു. കുടുംബത്തിനും നിരവധി കർഷകത്തൊഴിലാളികൾക്കും വർഷം മുഴുവൻ ഉണ്ണാൻ മാത്രമല്ല, അത്യാവശ്യം കരുതിവയ്ക്കാനും ലോഭം കൂടാതെ നെൽവയൽ നൽകിയിട്ടുണ്ടെന്ന് അദ്ദേഹം സാക്ഷ്യപ്പെടുത്തുന്നു.

വനംവകുപ്പ് ആന പ്രതിരോധകിടങ്ങുകൾ ഉണ്ടാക്കുന്നതിന് ഒരു ദശകം മുമ്പേ സ്വന്തമായി കിടങ്ങുകളുണ്ടാക്കിയും അയൽ കർഷകരെ സംഘടിപ്പിച്ചു വിളകൾ കാത്തു രക്ഷിക്കുകയും ചെയ്ത ഈ കർഷകൻ ഒരിക്കലും വനത്തേയൊ വന്യജീവികളേയോ ശത്രുക്കളായി കണ്ടിട്ടില്ല. മാത്രമല്ല, അവയെ മിത്രങ്ങളായികണ്ട് പ്രകൃതിയോടിണങ്ങി ജീവിച്ച ഗോത്ര വർഗ്ഗ പാരമ്പര്യത്തിന്റെ ശക്തനായ പ്രയോക്താവുകൂടിയാണ്.

ആദിവാസിസമൂഹത്തിലെ രാഷ്ട്രീയ- സാമൂഹ്യ പ്രവർത്തകൻ കൂടിയായ ശ്രീ കരിമ്പൻ സുൽത്താൻ ബത്തേരി പട്ടിക വർഗ സഹകരണ സംഘത്തിന്റെ ആരംഭകാലം മുതൽ 25 കൊല്ലം പ്രസിഡണ്ടായും നൂൽപ്പുഴ ഗ്രാമ പഞ്ചായത്തംഗമായി 10 കൊല്ലവും പ്രവർത്തിച്ചിട്ടുണ്ട്. ജനനം 1930. ഭാര്യ കല്ല്യാണി. പത്ത് മക്കൾ.







## ശ്രീ.എസ്.എം.വിജയാനന്ദ്

കേരളത്തിലെ പ്രഗത്ഭരായ ഐ.എ.എസ്. ഉദ്യോഗസ്ഥരിൽ പ്രമുഖനാണ് ശ്രീ. എസ്. എം.വിജയാനന്ദ്. അദ്ദേഹം കേരളത്തിലും കേന്ദ്രത്തിലും നിരവധി ഉന്നത സ്ഥാനങ്ങൾ വഹിച്ചിട്ടുണ്ട്. സംസ്ഥാന പ്ലാനിംഗ് ബോഡ് മെമ്പർ, സെക്രട്ടറി, കേന്ദ്രസർക്കാരിന്റെ രാജീവ് ഗാന്ധി കുടിവെള്ളമിഷന്റെ തലവൻ , കേന്ദ്രഗ്രാമവികസന വകുപ്പിന്റെ അഡീഷണൽ സെക്രട്ടറി എന്നീ പദവികളും വഹിച്ചിരുന്നു.

കേരളത്തിന്റെ ചീഫ് സെക്രട്ടറി പദവിയിൽ നിന്നും വിരമിച്ചശേഷം സെന്റർ ഫോർ മാനേജ്മെന്റ് ഡവലപ്പ്മെന്റിന്റെ ചെയർമാനായി സേവനം അനുഷ്ഠി ക്കുകയാണ്. ഗാന്ധിയൻ ദർശനത്തിന്റെ കർക്കശ പ്രയോക്താവ് കൂടിയായ ശ്രീ വിജയാനന്ദ്. ഏറെ പ്രകീർത്തിക്കപ്പെട്ട അധികാര വികേന്ദ്രീകരണ - പഞ്ചായത്തിരാജ്, ജനകീയാ സൂത്രണ പദ്ധതികളുടെയും മുഖ്യ ശില്പി കൂടിയാണ് പഞ്ചായത്തിരാജ് നഗരപാലികാ നിയമത്തിലൂടെ അധികാരത്തിലെത്തുന്ന പട്ടികജാതി പട്ടികവർഗ്ഗക്കാരും മൂന്നിലൊന്നു സ്ത്രീകളും അടങ്ങുന്ന ത്രിതല പഞ്ചായത്ത് അംഗങ്ങളുടെ ശാക്തീകരണം ലക്ഷ്യമാക്കി തൃശൂരിൽ അദ്ദേഹം മുൻകൈയെടുത്ത് സ്ഥാപിച്ച 'കില' (Kerala Institute For Local Administration) അന്താരാഷ്ട്ര പ്രശസ്തവും ഇന്ത്യയിലെ തന്നെ ഏക സ്ഥാപനവുമാണ്. കിലയുടെ തലവനായി 11 - വർഷത്തോളം അദ്ദേഹം ചുമതല വഹിച്ചിട്ടുണ്ട്.

കേരളത്തിന്റെ കാർഷികമേഖലയെ സുസ്ഥിരവും പരിസ്ഥിതി സൗഹൃദവും വിഷമുക്തവുമാക്കി മാറ്റുന്നതിനുള്ള പ്രവർത്തനങ്ങളിലും ഏറെ താൽപര്യവും പ്രോത്സാഹനവും നല്കുന്ന വ്യക്തി കൂടിയാണ് ആദരണീയനായ ശ്രീ വിജയാനന്ദ്.

വയനാട് പ്രകൃതിസംരക്ഷണ സമിതി
കേരള ഗ്രാമീണ ബാങ്ക്, കല്ലൂർ
ഗ്രാമജ്യോതി ഫാർമേഴ്സ് ക്ലബ്ബ്, കല്ലൂർ


# നാലാമത് വി.എം. ഹരിദാസ് സ്മാരക പ്രഭാഷണവും മികച്ച പരമ്പരാഗത പ്രകൃതി സൗഹൃദ കർഷകനുള്ള പുരസ്കാര സമർപ്പണവും

**2019 മാർച്ച് 7 വ്യാഴം**
**ഉച്ചകഴിഞ്ഞ് 2.30 ന്**
**ബത്തേരി അദ്ധ്യാപകഭവനിൽ**

**മുൻ കേരള ചീഫ് സെക്രട്ടറി**
**എസ്.എം. വിജയാനന്ദ്**
**സ്മാരക പ്രഭാഷണം നടത്തും**
**(വിഷയം: സുസ്ഥിര കൃഷി)**

**പുരസ്കാര ജേതാവ്**
**ആലത്തൂർ കരിമ്പൻ**

വയനാട് പ്രകൃതിസംരക്ഷണ സമിതി
കേരള ഗ്രാമീണ ബാങ്ക്, കല്ലൂർ
ഗ്രാമജ്യോതി ഫാർമേഴ്സ് ക്ലബ്ബ്, കല്ലൂർ



# വയനാട് വന്യജീവി കേന്ദ്രത്തിലെ സ്വയം സന്നദ്ധ പുനരധിവാസം . കേന്ദ്രഫണ്ട് സംസ്ഥാന സർക്കാർ തട്ടിയെടുത്തു

വയനാട് വന്യജീവി കേന്ദ്രത്തിലെ സ്വയംസന്നദ്ധ പുനരധിവാസ പദ്ധതിയെ സംസ്ഥാന സർക്കാർ അട്ടിമറിച്ചു. കേന്ദ്ര വനം- പരിസ്ഥിതി മന്ത്രാലയം ഒരു വർഷം മുൻപ് മുത്തങ്ങ ഫോറസ്റ്റ് റേയിഞ്ചിലെ ചെട്ടിയാലത്തൂർ ഗ്രാമത്തിലെ 230 കുടുംബങ്ങളെ മാറ്റിപാർപ്പിക്കാൻ അനുവദിച്ച 18.5 കോടി രൂപ സംസ്ഥാന ധനവകുപ്പ് കൽപ്പറ്റ ജില്ലാ ട്രഷറിയിൽ നിന്നും നിയമവിരുദ്ധമായി കടത്തികൊണ്ടു പോയി. ജില്ലാ കലക്ട്രറും സി.കെ.ശശീന്ദ്രൻ എം.എൽ.എയും പ്രതിപക്ഷ നേതാവും ഇടപെട്ടിട്ടും ശക്തമായി ആവശ്യപ്പെട്ടിട്ടും ഇതേവരെ പണം തിരിച്ചു നൽകിയിട്ടില്ല.

തങ്ങളുടെ കൈവശമുള്ള ഭൂമിയുടെയും വീടിന്റെയും സകലവിധ പ്രമാണങ്ങളും തുക കിട്ടി ബോധിച്ചതായി സമ്മതിക്കുന്ന മുദ്രപത്രത്തിലെഴുതിയ സത്യവാങ്മൂലവും വനം വകുപ്പിന് കൈമാറി 6 മാസമായി കാത്തിരിക്കുന്ന ആദിവാസികൾ അടക്കമുള്ള കർഷകർ ഇപ്പോൾ പരിഭ്രാന്തിയിലാണ്. നികുതിച്ചീട്ട് നൽകാത്തതിനാൽ ബാങ്കുകൾ കർഷകർക്കെതിരെ ജപ്തി ഭീഷണി മുഴക്കിയിട്ടുണ്ട്. നിവേദനങ്ങളും രോദനങ്ങളും ധനകാര്യ വകുപ്പും ധനകാര്യമന്ത്രി തോമസ് ഐസക്കും അവഗണിക്കുകയാണ്. ഒരാഴ്ചക്കകം പണം തിരികെ നൽകി വിതരണം നടത്തിയിട്ടില്ലെങ്കിൽ വൈൽഡ് ലൈഫ് വാർഡന്റെ ഓഫീസിലേക്കോ ജില്ലാ ട്രഷറിയിലേക്കോ, ജില്ലാ കളക്ട്രറ്റിലേക്കോ താമസം മാറ്റേണ്ടിവരുമെന്ന് ഞങ്ങൾ മുന്നറിയിപ്പ് നൽകുന്നു.

2011-ൽ തുടക്കംകുറിച്ച പദ്ധതി പ്രകാരം ആദ്യഘട്ടത്തിൽപ്പെട്ട 250 കുടുംബങ്ങളെ മാറ്റിപ്പാർപ്പിച്ച് കഴിഞ്ഞു. ആദ്യഘട്ടത്തിൽ തന്നെ ഉൾപ്പെട്ട ചെട്ടിയാലത്തൂരിലെ 230 കുടുംബങ്ങളെ മാറ്റിപ്പാർപ്പിക്കുന്നതിനുള്ള 18.5 കോടി രൂപ ചീഫ് വൈൽഡ് ലൈഫ് വാർഡൻ ജില്ലാ കളക്ട്രറുടെയും **ITDP** ഓഫീസറുടെയും സംയുക്ത എക്കൗണ്ടിൽ ട്രഷറിയിൽ നിക്ഷേപിച്ചിരുന്നു. സി.പി.നാരായണൻ എം.പി രാജ്യസഭയിലും, ജോയ്സി ജോർജ്ജ് ലോക്സഭയിലും പ്രശ്നം ഉന്നയിച്ചപ്പോൾ കേന്ദ്ര വനം- പരിസ്ഥിതി മന്ത്രി നൽകിയ മറുപടിയിൽ ചെട്ടിയാലത്തൂരിലടക്കം പുനരധിവാസ പദ്ധതി നടന്നതായി രേഖാമൂലം ഉത്തരം നൽകിയിരുന്നു.

നിരവധി നിവേദനങ്ങൾക്കും രാഷ്ട്രീയ സമ്മർദങ്ങൾക്കും ഒടുവിൽ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയം 2017 മാർച്ച്മാസം 6-ാംതിയ്യതി ചെട്ടിയാലത്തൂർ പുനരധിവാസത്തിന് ഫണ്ട് അനുവദിക്കുകയും ചീഫ്വൈൽഡ്ലൈഫ് വാർഡന് കൈമാറു കയും അദേഹം അതേമാസം 13-ാം തിയ്യതി കളർക്ട്രർക്ക് കൈമാറുകയും ചെയ്തു.

പുനരധിവാസ പദ്ധതി നടപ്പിലാക്കുന്നത് സംമ്പന്ധിച്ച് 2011-ലെ ചീഫ് സെക്രട്ടറിയുടെ മാർഗ്ഗനിർദ്ദേശപ്രകാരം പണം കളക്ട്രറുടെ എക്കൗണ്ടിൽ ഏതെങ്കിലും ദേശസൽകൃത ബോങ്കിലാണ് നിക്ഷേപിക്കേണ്ടത്. 2016വരെ അങ്ങനെയാണ് ചെയ്തതും. എന്നാൽ റവന്യുവകുപ്പിലെ ഉദ്യോഗസ്ഥരുടെ ഗൂഢാലോചനയുടെ ഫലമായി പണം ട്രഷറിയിൽ ജോയിന്റ് അക്കൗണ്ടിൽ നിക്ഷേപിക്കുകയാണ് ചെയ്തത്.

വയനാട് വൈൽഡ് ലൈഫ് വാർഡന്റെ ഓഫീസ് ഗുണഭോക്താക്കളെ കണ്ടെത്തി സകല പരിശോധനകളും പൂർത്തീകരിച്ച് കളക്ട്രർ ചെയർമാനായ ജില്ലാ നടത്തിപ്പു കമ്മറ്റി

പാസാക്കി ചെക്കുകൾ ട്രഷറിയിലേക്ക് നൽകിയെങ്കിലും ട്രഷറി നിയന്ത്രണത്തിന്റെ പേര് പറഞ്ഞ് മടക്കുകയാണ് ഉണ്ടായത്. ഇതേതുടർന്ന് ഗ്രാമവാസികൾ തിരുവനന്തപുരത്ത് ചെന്ന് ധനവകുപ്പ് മന്ത്രിക്കും ഉദ്യോഗസ്ഥർക്കും നിവേദനം നൽകി. ജനുവരി 15ന് മുൻപ് പണം ലഭ്യമാക്കുമെന്ന് ധനമന്ത്രി ഉറപ്പ് നൽകിയതാണ്. ട്രഷറി നിയന്ത്രണം പിൻവലിച്ചെങ്കിലും അതിനുമുമ്പേ പണം മുഴുവൻ കൽപ്പറ്റ ജില്ലാ ട്രഷറിയിൽ നിന്നും ധനവകുപ്പ് പിൻവലിച്ചു കഴിഞ്ഞിരുന്നു.

തുടർന്ന് സി.കെ.ശശീന്ദ്രൻ എം.എൽ.എ, പ്രതിപക്ഷ നേതാവ് എന്നിവർ മുഖാന്തിരം ധനവകുപ്പ് മന്ത്രിക്ക് നിവേദനം നടത്തി. ജില്ലാ കളക്ടർ തുക തിരികെ ആവശ്യപ്പെട്ടുകൊണ്ട് ജനുവരി 23-ാം തിയ്യതി L5-2017/8357/12 നമ്പറിൽ ധനവകുപ്പ് സെക്രട്ടറിക്ക് അയച്ച കത്തിൽ കേന്ദ്രസർക്കാരിന്റെ ഫണ്ടായതിനാൽ ഉടനടി തിരികെ തരണമെന്നും മനുഷ്യ-വന്യജീവിശല്യം രൂക്ഷതരമാകയാൽ പണം കാലതാമസം കൂടാതെ വിതരണം ചെയ്തിട്ടില്ലെങ്കിൽ ക്രമസമാധാന പ്രശ്നമുണ്ടാകുമെന്നും പറഞ്ഞിരുന്നു. സി.കെ.ശശീന്ദ്രൻ എം.എൽ.എയും, പ്രഷതിപക്ഷനേതാവും ശക്തിയായി ഇടപെടുകയും ചെട്ടിയാലത്തൂർ നിവാസികൾ ധനമന്ത്രിയെയും ധനവകുപ്പ് സെക്രട്ടറിയെയും നേരിൽ കണ്ട് നിവേദനം നൽകുകയും ചെയ്തെങ്കിലും ഫലമുണ്ടായില്ല.

ഏറെ പ്രകീർത്തിക്കപ്പെടുകയും കേന്ദ്രസർക്കാർ ഇന്ത്യക്കാകെ മാതൃകയാണെന്ന് ഉദ്ഘോഷിക്കുകയും ചെയ്ത വനം വകുപ്പിന്റെ അഭിമാന പദ്ധതി അകാലചരമമടയുവാൻ പോവുകയാണ്. ഈ മാർച്ച് മാസം 15-ാം തിയ്യതിക്കകം കേന്ദ്ര ഫണ്ട് മുഴുവൻ ചെലവഴിച്ച് യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ജില്ലാ കളക്ടർ കേന്ദ്രത്തിന് നൽകിയാൽ മാത്രമേ അടുത്ത ഗ്രാമങ്ങൾക്കുള്ള ഫണ്ട് അനുവദിക്കുകയുള്ളു ഒന്നാംഘട്ടത്തിലെ നേർപകുതി കുടുംബങ്ങൾ മാത്രമേ കാടിനു പുറത്തേക്ക് മാറ്റപ്പെട്ടിട്ടുള്ളു. അതിരൂക്ഷമായ വന്യജീവി സംഘർഷം മൂലം തീരാദുരിതമനുഭവിക്കുന്ന ആയിരത്തോളം നിസ്സഹായവരായ ദരിദ്രകുടുംബങ്ങളുടെ പുനരധിവാസമെന്ന അവസാനത്തെ സ്വപ്നവും സംസ്ഥാന സർക്കാർ തല്ലിക്കെടുത്തുകയാണ്.

ചെട്ടിയാലത്തൂർ ഗ്രാമവാസികൾക്കുമുമ്പിൽ മാർഗ്ഗങ്ങളൊന്നും തന്നെ ശേഷിക്കാത്തതുകൊണ്ടും ആത്മഹത്യചെയ്യാൻ മനസ്സവനുവദിക്കാത്തതു കൊണ്ടും ഗ്രാമത്തിൽ നിന്നും താമസമൊഴിഞ്ഞ് ട്രഷറി വരാന്തയിലോ, വാർഡന്റെ ഓഫീസ് മുറ്റത്തോ, കളക്ട്രേറ്റിലോ താമസമാക്കാൻ ഞങ്ങൾ തീരുമാനിച്ചിരിക്കുകയാണ്.

കേരളത്തിൽ എവിടെയും കാടിനുള്ളിൽ അകപ്പെട്ടവരെ പുനരധിവസിപ്പിക്കാൻ സംസ്ഥാന സർക്കാർ ഒരു രൂപ പോലും ചിലവഴിച്ചിട്ടില്ല. കേന്ദ്ര സർക്കാർ പദ്ധതിയെ തുരങ്കം വെക്കുന്നതും കേന്ദ്ര ഫണ്ട് കടത്തികൊണ്ടു പോവുന്നതും ജനവഞ്ചനയും അധാർമ്മികവും മാത്രമല്ല തികഞ്ഞ ക്രൂരതകൂടിയാണ്.

എന്ന്

എൻ ബാദുഷ, പ്രസിഡണ്ട്, വയനാട് പ്രകൃതി സംരക്ഷണ സമിതി
ടി.വി ശ്രീധരൻ, പ്രസിഡണ്ട്, പുനരധിവാസ കമ്മറ്റി

കൽപ്പറ്റ
27/02/2018

Save in — 05/01/2018 — DTP Malayalam — Wayandan Churam.

## പ്രതികരണം
## വയനാട് ചുരം റോഡുകൾ ശാശ്വതമായി സംരക്ഷിക്കപ്പെടണം.

വയനാടിനെ കേരളത്തിലെ ഇതരപ്രദേശങ്ങളുമായി ബന്ധിപ്പിക്കുന്ന അഞ്ചു ചുരം റോഡുകളിൽ കൂറെ പ്രധാനപ്പെട്ട താമരശ്ശേരി ചുരം ഗതാഗതക്കുരുക്കിലും മണിക്കൂറുകൾ നീളുന്ന റോഡ് ബ്ലോക്കിലുംപെട്ട് നരകയാതന അനുഭവിക്കുന്ന ഗുരുതരമായ സാഹചര്യത്തിൽ മാതൃഭൂമി വ്യാഴാഴ്ച എഴുതിയ മുഖ പ്രസംഗം പ്രസക്തം തന്നെ.

വയനാടിന്റെ ജീവനാഡിയായ താമരശ്ശേരി ചുരത്തിൽ ഇപ്പോൾ അനുഭവപ്പെട്ടു വരുന്ന ഗതാഗത സതംഭനം പലരും വിശ്വസിച്ചു വരുന്നതുപോലെ ഒരു താത്ക്കാലിക പ്രതിഭാസമല്ല. ഒരു വലിയ വിപത്തിന്റെ സൂചനയാണ്. മുറി വൈദ്യം കൊണ്ടോ താത്ക്കാലിക ചൊട്ടു വിദ്യകൾ കൊണ്ടോ ചുരം നേരിടുന്ന പ്രതിസന്ധി പരിഹരിക്കാൻ കഴിയില്ല. വിവേകരഹിതമായി നാം ചുരം റോഡുകളും, അവസ്ഥിതി ചെയ്യുന്ന പശ്ചിമഘട്ടത്തിന്റെ പടിഞ്ഞാറൻ ചരിവുകളോടും കാണിച്ച അകൃത്യം മൂലം വയനാട്ടിലേക്കുള്ള അഞ്ചു ചുരം റോഡുകളും സർവ്വ നാശത്തെ നേരിടുകയാണിപ്പോൾ. അവയൊക്കെ ഇന്നത്തെ നിലയിലെങ്കിലും നിലനിൽക്കുന്നതിനു നാം നന്ദി പറയേണ്ടത് കഴിഞ്ഞ കാൽ നൂറ്റാണ്ടായി പ്രതിവർഷം കുറഞ്ഞു കുറഞ്ഞു വരുന്ന കാലവർഷത്തോടാണ്. മുൻപു ഇവിടങ്ങളിൽ ചെയ്തിരുന്ന ആറായിരം മില്ലിമീറ്റർ മഴയുടെ മൂന്നിലൊന്നെങ്കിലും പെയ്താൽ അവയെ താങ്ങാൻ വല്ലാതെ വയനാടൻ ചുരം മണ്ണിടിഞ്ഞു പാറകൾ ഉരുണ്ട് പൊട്ടിത്തകർന്ന് വാഹനഗതാഗതത്തിന് പോയിട്ട് കാൽനടയ്ക്ക് പോലും പറ്റാത്തവിധം മൺകുറയായി മാറിപ്പോകുമെന്നുറപ്പാണ്. അത്രയ്ക്കും ഗുരുതരമാണ് പശ്ചിമഘട്ടമലഞ്ചരിവുകളിൽ ഉണ്ടായ പ്രകൃതി നശീകരണം.

സകല നിയമങ്ങളെയും മാനദണ്ഡങ്ങളെയും ലംഘിച്ചു കൊണ്ടുള്ള ഭൂവിനിയോഗവും കെട്ടിടനിർമ്മാണവുമാണ് താമരശ്ശേരി ചുരത്തിൽ നിലവിൽ തുടർന്നുകൊണ്ടിരിക്കുന്നത്. ചെങ്കുത്തായ മലഞ്ചരിവുകളിൽ കൂറ്റൻ ബഹുനില കെട്ടിടങ്ങൾ കുമിൾ പോലെ മുളച്ചു വരികയാണ്. ഒരു കൃഷിയും പാടില്ലാത്ത, വൃക്ഷകവചം മാത്രം നിലനിൽക്കേണ്ട കടും കുത്തതയുള്ള ചരിവുകളിൽ മണ്ണിളക്കൽ പലതവണ വേണ്ടി വരുന്ന കൈതച്ചക്കയും ഇഞ്ചിയും കപ്പയും പോലുള്ള കൃഷികളാണ് പൊടിപൊടിക്കുന്നത്. ചുരം റോഡിനിരുവശവും ചുരുങ്ങിയത് രണ്ടു കിലോമീറ്റർ വീതിയിൽ സ്വകാര്യ ഭൂമികൾ ഏറ്റെടുത്തു ഹരിതമേലാപ്പുണ്ടാക്കുകയും എല്ലാവിധ കെട്ടിടങ്ങളും നിരോധിക്കുകയും ഉള്ള നഷ്ടപരിഹാരം നൽകി പൊളിച്ചു കളയുകയും ഭൂവിനിയോഗ നിയന്ത്രണം കർക്കശമാക്കുകയും ചെയ്യാതെ ചുരം റോഡുകളുടെ സംരക്ഷണത്തെക്കുറിച്ചുള്ള ഏതു വിലാപവും മുതലക്കണ്ണീർ മാത്രമാണ്.

താമരശ്ശേരി ചുരം റോഡ് കരാറുകാരുടെയും ഉദ്യോഗസ്ഥരുടെയും കറവപ്പശുവായിട്ട് പതിറ്റാണ്ടുകൾ പലതുകഴിഞ്ഞു. ടെണ്ടറില്ലാതെ അടിയന്തിര ജോലികളിലാണ് അവർക്ക് പ്രിയം. അതാണല്ലോ കാലാകാലങ്ങളായി സംഭവിച്ചുകൊണ്ടിരിക്കുന്നതും. ചുരം റോഡ് വീതി കൂട്ടിയാൽ മാത്രം പോരാ, റോഡാകെ പൊട്ടിത്തകരാതെ വർഷങ്ങളോളം നിലനിൽക്കുന്ന ആധുനിക ടെക്നോളജി ഉപയോഗപ്പെടുത്തിയുള്ള നിർമ്മാണമാണ് നടക്കേണ്ടത്. ആവശ്യമായ വനഭൂമി ലഭ്യമാക്കുന്നതിനെ ആരും എതിർത്തിട്ടില്ല. സംസ്ഥാന ഭരണ കൂടം വിവരിച്ചാൽ മാസങ്ങൾ കൊണ്ട് നേടാവുന്നതാണിത്. മൾട്ടി ആക്സിൽ ബസ്സുകൾ, നീളം കൂടിയതും ആറുചക്രങ്ങളിൽ കൂടുതലുള്ളതുമായ ചരക്കു വാഹനങ്ങൾ, ടിപ്പറുകൾ, കണ്ടയിനറുകൾ എന്നിവ താമരശ്ശേരി ചുരത്തിൽ ശാശ്വതമായി നിരോധിക്കുകയും മറ്റു ചുരങ്ങൾ വഴിതിരിച്ചു വിടുകയും വേണം. എന്നാൽ ഈ നിരോധനം ലക്കിടിയിൽ ശേഷിച്ച ചതുപ്പുകൾ നികത്താനുള്ള സുവർണ്ണാവസരമായി ചിലർ ഉപയോഗപ്പെടുത്തുന്നുണ്ട്.

ബദൽ റോഡുകളും റെയിൽവേയും ഒരിക്കലും നടക്കാനിടയില്ലാത്ത മലർപ്പൊടിക്കാരന്റെ മായാസ്വപ്നം മാത്രമാണ്. രാഷ്ട്രീയ മതനേതാക്കൾ ജനങ്ങളെ അഭിരമിപ്പിക്കുന്നു എന്നതിനപ്പുറം ഒന്നും സംഭവിക്കില്ല. പടിഞ്ഞാറത്തറ –പൂഴിത്തോട് റോഡിന്റെ അപേക്ഷ കേന്ദ്രവനം പരിസ്ഥിതി മന്ത്രാലയം പതിറ്റാണ്ടു മുൻപ് തള്ളിക്കളഞ്ഞതാണ്. ഒരിക്കൽ തള്ളിക്കളഞ്ഞ അപേക്ഷ പിന്നീട് പുന:പരിഗണിക്കില്ലെന്ന് വ്യക്തവുമാണ്. ചിപ്പിലിത്തോട് തളിപ്പുഴ റോഡ് 14 കിലോമീറ്റർ ചെങ്കുത്തായ മലവാരങ്ങളിലൂടെയും ഈ റോഡ് നിബിഡ വനത്തിലൂടെയും അഗാധമായ കൊക്കയിലൂടെയുമാണ് കടന്നുപോകുന്നത്. ഈ റോഡ് അപ്രായോഗികമാണെന്ന് പൊതുമരാമത്ത് വകുപ്പ് എഞ്ചിനീയർമാർക്ക് വ്യക്തമായ ധാരണയുണ്ട്. കേന്ദ്രവനം പരിസ്ഥിതി മന്ത്രാലയത്തിന് അപേക്ഷപോലും സമർപ്പിച്ചിട്ടില്ല.

താമരശ്ശേരി ചുരത്തിന്റെ യഥാർത്ഥ ബദൽ ചക്രംതളമാണ്. കോഴിക്കോടേക്കുള്ള ദൂരത്തിൽ കാര്യമായ വ്യത്യാസമില്ല. താമരശ്ശേരി ചുരത്തെ അപേക്ഷിച്ച് കൊടും വളവുകളും കുത്തനെയുള്ള കയറ്റങ്ങളും ദൂരവും കുറവാണ്. തൊട്ടിൽപാലം മുതൽ ചക്രം തളം വരെയുള്ള 11 കിലോമീറ്റർ ദൂരത്തിൽ 6 കിലോമീറ്റർ മാത്രമാണ് ഗാട്ട് റോഡുള്ളത്. ചക്രം തളം വരെയും നല്ല റോഡ് നിലവിലുണ്ട്. 4 മീറ്ററിൽ കുറവുപ്രദേശത്തു മാത്രമെ വനഭൂമിയുള്ളൂ. സ്വകാര്യ ഭൂമികൾ ഏറ്റെടുത്ത് റോഡ് വീതി കൂട്ടുന്നതു എളുപ്പമാണ്. പശചിമഘട്ടത്തെയും ശേഷിച്ച വനഭൂമികളെയും കീറിമുറിച്ചുകൊണ്ട് പുതിയ ബദൽ റോഡുകൾ വേണമെന്ന വാശി ഉപേക്ഷിക്കുകയാണ് ബുദ്ധി.

ബത്തേരി – എൻ. ബാദുഷ, പ്രകൃതി സംരക്ഷണസമിതി
04-01-2018 സുൽത്താൻ ബത്തേരി

എൻ. ബാദുഷ, പ്രസിഡണ്ട്
വയനാട് പ്രകൃതി സംരക്ഷണസമിതി
സുൽത്താൻ ബത്തേരി, 673592
Phone: 8547590222

# വയനാട്ടിലെ മിന്നൽപ്രളയം: വിദേശസമിതി അന്വേഷിക്കണം

ബാണാസുരസാഗർ അണക്കെട്ടിന്റെ ഇപ്പോഴത്തെ സ്ഥിതിയെക്കുറിച്ചും കഴിഞ്ഞ 8-നു അർദ്ധരാത്രിയുണ്ടായ മിന്നൽപ്രളയം തുടർന്നുണ്ടായ ദുരന്തങ്ങൾ, ഡാമിന്റെ സുരക്ഷ എന്നിവയെക്കുറിച്ചും പഠിക്കുന്നതിന് വിദഗ്ദ്ധസമിതിയെ നിയമിക്കണമെന്ന് ഞങ്ങൾ സംസ്ഥാനസർക്കാരിനോട് ആവശ്യപ്പെടുന്നു. സമിതിയിൽ നാഷണൽ ഡിസാസ്റ്റർ മാനേജ്മെന്റ് വിദഗ്ദ്ധർ, സെൻഡ്രൽ വാട്ടർ കമ്മീഷൻ വിദഗ്ദ്ധർ, ഡാംസുരക്ഷാവിദഗ്ദ്ധർ, റൂർക്കി എ.എ.ടിയിലെ ഹൈഡ്രോഡിവിഷനിൽ നിന്നുള്ള വിദഗ്ദ്ധർ, CWRDM, സെസ്സ്, KFRI - വിദഗ്ദ്ധർ, ജനപ്രതിനിധികൾ, സ്വതന്ത്രവിദഗ്ദ്ധർ എന്നിവർ അംഗങ്ങളായിരിക്കണമെന്നും റിപ്പോർട്ട് തയ്യാറാക്കുന്നതിന് മുൻപും പിൻപും ജനകീയ തെളിവെടുപ്പുനടത്തണമെന്നും ഞങ്ങൾ ആവശ്യപ്പെടുന്നു.

വേനൽക്കാലത്ത് കൊടുംവരൾച്ചയും വർഷക്കാലത്ത് പ്രളയവും സ്ഥിരമായി സൃഷ്ടിക്കുന്ന ബാണാസുരസാഗർ ഒന്നരലക്ഷത്തോളം ജനങ്ങൾക്ക് തീരാദുരിതമല്ലാതെ ഒരു ഗുണവും നൽകിയിട്ടില്ല. അണക്കെട്ടിലെ മുപ്പതുശതമാനം വെള്ളം കൃഷിക്കും കുടിവെള്ളത്തിനും നൽകണമെന്ന വ്യവസ്ഥയോടെയാണ് കേന്ദ്രസർക്കാരിൽനിന്നും അനുമതിയും ലോകബാങ്കിൽനിന്നും വായ്പയും ഒപ്പിച്ചെടുത്തത്. കമ്മീഷൻ ചെയ്ത് 16 വർഷമായിട്ടും ഒരുതുള്ളി വെള്ളം പോലും നൽകിയിട്ടില്ല. കൊടുംവരൾച്ചയുണ്ടായപ്പോൾ പടിഞ്ഞാറത്തറ പഞ്ചായത്ത് പ്രസിഡണ്ടും അന്നത്തെ ജില്ലാകലക്ടറും കെഞ്ചി യിട്ടും ഒരുതുള്ളി വെള്ളം പോലും നൽകിയിട്ടില്ല. ഇത്തരമൊരു ഡാം വയനാട്ടിൽ ഇനിയും നിലനിൽക്കേണ്ടതുണ്ടോ എന്ന് വയനാട്ടിലെ പൊതുസമൂഹം ഗൗരവമതരമായി ചിന്തിക്കണമെന്ന് ഞങ്ങൾ ആവശ്യപ്പെടുന്നു.

കഴിഞ്ഞ 8-നു അർദ്ധരാത്രി നാലുഷട്ടറുകൾ മുന്നറിയിപ്പില്ലാതെയും ജില്ലാഭരണകൂടത്തിന്റെ സമ്മതമില്ലാതെയും തുറന്നുവിട്ടതിനെ തുടർന്നുണ്ടായ മിന്നൽപ്രളയം കേരളം കണ്ട ഏറ്റവും വലുതും നീചവുമായ മനുഷ്യനിർമ്മിതദുരന്തമാണ്. പ്രളയത്തിൽ ഇരയായവർക്കുള്ള നഷ്ടപരിഹാരം KSEB നൽകുകയും ഉത്തരവാദികൾക്കെതിരെ ക്രിമിനൽകേസെടുക്കുകയും വേണം. ഇത് കേരളത്തിലുടനീളമുണ്ടായ പ്രകൃതിദുരന്തത്തിന്റെ ഭാഗമായിക്കണ്ട് ദുരിതാശ്വാസം നൽകി എല്ലാം അവസാനിപ്പിക്കാൻ നടക്കുന്ന ശ്രമങ്ങളെ ഇരകളായവർ ഒറ്റക്കെട്ടായി ചെറുക്കണമെന്നും ഞങ്ങൾ ആവശ്യപ്പെടുന്നു.

കരമാൻതോട്ടിൽ ഡാമിന്റെ താഴ്ഭാഗത്ത് വേനൽക്കാലത്ത് നീരൊഴുക്ക് ഉറപ്പുവരുത്തുമെന്ന വാഗ്ദാനവും ലംഘിക്കപ്പെട്ടിരിക്കയാണ്. ഡാം വന്നശേഷം വേനൽക്കാലത്തും വർഷക്കാലത്തും കൃഷി അസാദ്ധ്യമായി. ഡാമിന്റെ പ്രഖ്യാപിത ലക്ഷ്യങ്ങളിൽ ഒന്ന് വെള്ളപ്പൊക്കനിയന്ത്രണമാണെങ്കിലും മിന്നൽപ്രളയമാണ് സ്ഥിരമായി അനുഭവപ്പെടുന്നത്. ഡാമിനുവേണ്ടി തരിയോടുനിന്നും കുടിയൊഴിപ്പിക്കപ്പെട്ട ആദിവാസികളടക്കമുള്ളവർ പ്രളയബാധിതരിൽ പെടുന്നു. കീഴ്നദി പ്രദേശത്തുള്ളവരെ സ്ഥിരമായി പുനരധിവസിപ്പിക്കാൻ നടപടികൾ ഉണ്ടാകണം.

.1987 - ലെയും 2012 - ലെയും ജലനയത്തിന്റെ നഗ്നമായ ലംഘനമാണ് ബാണാസുരസാഗറിന്റെ കാര്യത്തിൽ നടക്കുന്നത്. കാർഷിക - കുടിവെള്ള ആവശ്യത്തിനല്ലാതെ വ്യാപാരാവശ്യങ്ങൾക്ക് നദികളെ ദിശമാറ്റി തിരിച്ചുവിടാൻ ജലനയം അനുവദിക്കുന്നില്ല. പശ്ചിമഘട്ടത്തിന്റെ കിഴക്കുഭാഗത്തേയ്ക്ക് ഒഴുകുന്ന നദിയെ പടിഞ്ഞാറുഭാഗത്തേയ്ക്ക് തിരിച്ചുവിട്ടിരിക്കുകയാണ്.

വയനാടിന്റെ ശിരസ്സിൽ സ്ഥാപിക്കപ്പെട്ട ജലബോംബാണ് ബാണാസുരസാഗർ. ഡാം ഓപ്പറേഷൻ മാനേജ്മെന്റ് KSEB യ്ക്ക് അന്യമാണ്. ഡാം ഓപ്പറേഷനുള്ള വിദഗ്ദ്ധരോ വൈദഗ്ദ്ധ്യമോ അവർക്കില്ല. വയനാടിനെ ഒന്നായി പ്രളയത്തിൽ സംഹരിച്ചുകളയാൻ പ്രാപ്തമായത്ര ഭീമമായ അളവ് ജലം സംഭരിച്ച ഡാമിന്റെ നടത്തിപ്പ് ഉത്തരവാദിത്തരഹിതമായും ലാഘവത്തോടെയാണ് നടന്നുവരുന്നത്.. ഷട്ടറുകൾ ഉയർത്തുന്നതും താഴ്ത്തുന്നതും കൈകൊണ്ടാണ് പലപ്പോഴും. 65 സ്ക്വയർകിലോമീറ്റർ വൃഷ്ടിപ്രദേശത്ത് രണ്ടു മഴമാപിനികൾ മാത്രമാണുള്ളത്. ജനങ്ങളുടെ സുരക്ഷ തങ്ങളുടെ ബാധ്യതയല്ലെന്നുള്ള ധിക്കാരപരമായ നിലപാടിലാണ് KSEB.

കർക്കശമായി പാലിക്കേണ്ട ഓപ്പറേഷൻ പ്രോട്ടോക്കോൾ ബാണാസുരസാഗറിൽ പാലിച്ചിരുന്നെങ്കിൽ 8-ാം തീയതിയിലെ ദുരന്തം ഉണ്ടാകുമായിരുന്നില്ല. പ്രളയ പ്രവചനത്തിനുള്ള (Flood Prediction) വൈദഗ്ദ്ധ്യം KSEB യ്ക്ക് ഒഴികെ ലോകത്തെമ്പാടുമുണ്ട്. മഴമേഘങ്ങൾ രൂപപ്പെട്ടുതുടങ്ങുമ്പോൾ തന്നെ മഴയുടെ സാന്ദ്രതയും അളവും ജലാശയത്തിലേക്കുള്ള നീരൊഴുക്കും കൃത്യമായി പ്രവചിക്കുന്ന സാങ്കേതിക വിദ്യയാണ് ഫ്ളഡ് പ്രഡിക്ഷൻ ടെക്നോളജി. ഇത്തരം ആധുനിക വൈദഗ്ദ്ധ്യമൊന്നും KSEB വേണമെന്ന് തോന്നിയിട്ടില്ല. ജനങ്ങളുടെ ജീവനും സുരക്ഷയ്ക്കും കാര്യമായ വിലയൊന്നും ഇവർക്കില്ലെന്ന വ്യക്തമാണ്.

ഡാമിന്റെ സുരക്ഷനിലനിർത്താനും മിന്നൽപേമാരിമൂലം ഉണ്ടായേക്കാവുന്ന നീരൊഴുക്കിനെ 48 മണിക്കൂർ നേരത്തേക്കെങ്കിലും ഉൾക്കൊള്ളാനും സാദ്ധ്യമാംവിധം ജലസംഭരണിയുടെ ജലവിതാനം എഫ്.ആർ.ലൈനിൽനിന്നും 5 മീറ്റർ താഴെ മാത്രമേ നിർത്താവൂഎന്ന് ഞങ്ങൾ വൈദ്യുതിബോർഡിനോട് ആവശ്യപ്പെടുന്നു. 48 മണിക്കൂർ മുൻപെങ്കിലും മുന്നറിയിപ്പുനൽകി മാത്രമേ ഷട്ടറുകൾ ഉയർത്താവൂ. പുഴയിൽ ഒതുങ്ങുന്നതിൽ കവിഞ്ഞ നീരൊഴുക്ക് ഉണ്ടാകരുത്. തുലാവർഷക്കാലത്തല്ലാതെ കാലവർഷക്കാലത്ത് ഡാം പൂർണ്ണമായി നിറക്കുന്നത് അവസാനിപ്പിക്കണം. വേനൽക്കാലത്ത് പുഴയുടെ നീരൊഴുക്ക് ഉറപ്പാക്കണം.

ഭയരഹിതമായും അന്തസ്സായും ജീവിക്കാനുള്ള മൗലികാവകാശത്തിനും ജീവന്റെ സുരക്ഷയ്ക്കുമായി ബാണാസുരസാഗർ പ്രദേശത്തെ ജനങ്ങൾ നടത്തുന്ന പ്രക്ഷോഭത്തിൽ പരിസ്ഥിതി പ്രവർത്തകർ പങ്കാളികളാകും. സർക്കാറും വൈദ്യുതിവകുപ്പും അടിയന്തിരനടപടികൾ സ്വീകരിക്കാത്തപക്ഷം നിയമനടപടികൾക്ക് നേതൃത്വം നൽകും.

കൽപ്പറ്റ
23.08.2018

**വയനാട് പ്രകൃതിസംരക്ഷണസമിതി**
**ബാണാസുര പ്രകൃതിസംരക്ഷണസമിതി, പടിഞ്ഞാറത്തറ**

*പത്രസമ്മേളനത്തിൽ പങ്കെടുക്കുന്നത്. എൻ. ബാദുഷ (പ്രസിഡണ്ട്), തോമസ്സ് അമ്പലവയൽ (സെക്രട്ടറി) പ്രകൃതിസംരക്ഷണസമിതി*
*യു.സി. ഹുസ്സയിൻ, കെ.പി. മൊയ്തീൻ ബാണാസുരപ്രകൃതിസംരക്ഷണസമിതി, പടിഞ്ഞാറത്തറ*

## നിയമവിരുദ്ധ കരിങ്കൽ ക്വാറികൾ തുറക്കരുത്. അനാവശ്യ നിർമ്മിതികൾ നിരോധിക്കണം.

പരിസ്ഥിതിത്തകർച്ചയുടെ നെല്ലിപ്പടിയിൽ എത്തിനിൽക്കുന്ന ഗുരുതരാവസ്ഥയിൽ അനിയന്ത്രിതമായി കരിങ്കൽ ഖനനം നടത്തി വയനാടിനെ കുട്ടിച്ചോറാക്കാൻ ഭരണ-പ്രതിപക്ഷ പാർട്ടികളുടെ സഹകരണത്തോടെ ക്വാറിഉടമകൾ നടത്തുന്ന നീക്കങ്ങൾ ചെറുക്കാൻ വയനാട് പ്രകൃതിസംരക്ഷണസമിതി തീരുമാനിച്ചു.

വയനാട്ടിലെ നിർമ്മാണമേഖല സ്തംഭനത്തിലാണെന്നും കരിങ്കൽ ഉൽപ്പന്നങ്ങൾക്ക് വൻവിലക്കയറ്റമാണെന്നും നിരവധി തൊഴിലാളികൾ പട്ടിണിയിലാണെന്നും ഉള്ള പതിവു പല്ലവിയുമായി ക്വാറിഉടമകളും രാഷ്ട്രീയനേതാക്കന്മാരും രംഗത്തിറങ്ങിയിരിക്കുകയാണ്. അവർ വ്യാജപ്രചരണങ്ങളും സമ്മർദ്ദതന്ത്രങ്ങളും നടത്തിക്കൊണ്ടിരിക്കുകയാണ്.

വയനാട്ടിലിപ്പോൾ ക്വാറി ഉല്പന്നങ്ങൾക്ക് വൻവിലയാണെന്ന വാദം തെറ്റാണ്. മുഴുവൻ ക്വാറികളും പ്രവർത്തിച്ചുകൊണ്ടിരുന്നപ്പോൾ എംസാന്റിന് ക്യൂബിക്ക് അടിക്ക് 60-70 രൂപയായിരുന്ന വിലയെങ്കിൽ ഇപ്പോഴത് 45-50 രൂപ മാത്രമാണ്. മെറ്റലിന് അന്ന് 55 രൂപയായിരുന്നു വില. ഇപ്പോൾ 35 രൂപയും.

2010ൽ കേരളഹൈക്കോടതിയുടെ ഉത്തരവിനെ തുടർന്ന് ദീർഘകാലം ജില്ലയിലെ അനധികൃത ക്വാറികൾ അടച്ചിട്ടിരുന്നു. ഇപ്പോൾ പയറ്റുന്ന അതേ തന്ത്രം ഉപയോഗിച്ചാണ് അന്ന് ക്വാറികൾ തുറപ്പിച്ചത്. എന്നാൽ കലക്ടറും ജനപ്രതിനിധികളും ഉൾപ്പെട്ട വില ഏകീകരണസമിതിയുടെ ഉത്തരവുകൾ അവർ കാറ്റിൽ പറത്തുകയുണ്ടായി. ഇരട്ടിവില ഈടാക്കുകയും അന്യജില്ലകളിലേക്കും ക്രഷറുകൾക്കും നൽകി കൊള്ളലാഭം കൊയ്യുകയും ചെയ്തു.

2015ൽ ഭേദഗതി ചെയ്ത മിനറൽ കൺസഷൻ റൂൾ അനുസരിച്ച് റവന്യൂ ഭൂമിയിൽ നിന്നും ഖനനം ചെയ്യുന്ന കല്ലിന് ടൺ ഒന്നിന് 200 രൂപ വീതം സീനിയറേജായി സർക്കാറിലേക്കടക്കണമെന്ന വ്യവസ്ഥ അംഗീകരിച്ചാണ് കലക്ടറിൽ നിന്നും എൻ.ഒ.സി സമ്പാദിച്ചത്. ഈ തുക ഉപഭോക്താക്കളിൽ നിന്നും ഈടാക്കിയശേഷം സർക്കാറിലേക്കടക്കാതെ 2 കോടി 7 ലക്ഷം രൂപ ക്വാറിഉടമകൾ തട്ടിയെടുത്തു. ഇതെ തുടർന്നാണ് പലതവണ നോട്ടീസയച്ച ശേഷം രണ്ടരവർഷം മുൻപ് അന്നത്തെ ജില്ലാകലക്ടർ കേശവേന്ദ്രകുമാർ ക്വാറി അടച്ചുപൂട്ടിയത്. പ്രസ്തുത തുക സർക്കാരിൽ സ്വാധീനം ചെലുത്തി എഴുതിത്തള്ളിക്കാനുള്ള ശ്രമം രാഷ്ട്രീയനേതാക്കളും ക്വാറിഉടമകളും തിരുതകൃതിയായി നടത്തിക്കൊണ്ടിരിക്കയാണിപ്പോൾ. ഇത്തരം വൻകൊള്ള നടത്തിയവർ പൊതുജനങ്ങളുടെ പേരിൽ ഒഴുക്കുന്നത് മുതലക്കണ്ണീരാണ്.

അടച്ചുപൂട്ടിയ ക്വാറികൾ തുറക്കാൻ അനുമതി നൽകിയാൽ ലൈഫ്മിഷൻ പദ്ധതികൾക്ക് പകുതി വിലക്കും പൊതുസംരംഭങ്ങൾക്ക് ലാഭരഹിതമായും കരിങ്കൽ നൽകാമെന്ന ക്വാറിയുടമകളുടെ വാഗ്ദാനം തികഞ്ഞ വഞ്ചനയാണെന്ന് പൂർവ്വചരിത്രം വ്യക്തമാക്കുന്നുണ്ട്. ക്വാറികൾ പ്രവർത്തിച്ചിരുന്ന കാലമത്രയും മുഴുവൻ ഉല്പന്നങ്ങളും ക്രഷറുകൾക്കോ ജില്ലയ്ക്കു പുറത്തേക്കോ നൽകിയവരാണിക്കൂട്ടർ.

വയനാട് നേരിട്ടുകൊണ്ടിരിക്കുന്ന പരിസ്ഥിതിത്തകർച്ചക്ക് ആക്കം കൂട്ടുന്ന അനാവശ്യമായ നിർമ്മിതികൾ നിരോധിക്കണമെന്നും അത്യാവശ്യമില്ലാത്തവക്ക് 10 വർഷത്തെ മൊറൊട്ടോറിയം പ്രഖ്യാപിക്കണമെന്നും നിർമ്മിതികൾക്ക് പുനരുൽപ്പാദിപ്പിക്കാവുന്ന പ്രകൃതിവിഭവങ്ങൾ പ്രോത്സാഹിപ്പിക്കണമെന്നും പ്രകൃതി സംരക്ഷണസമിതി ആവശ്യപ്പെട്ടു.

കേരളസർക്കാർ ഖനനനയം പ്രഖ്യാപിക്കണം. വയനാട്ടിൽ ഖനനം നടത്താവുന്ന ഇടങ്ങൾ വിദഗ്ദസംഘത്തെകൊണ്ട് മാപ്പിംഗ് നടത്തിയും അളവു നിജപ്പെടുത്തിയും ഖനനാവകാശം ഗ്രാമസഭകൾക്ക് മാത്രമായി നൽകേണ്ടതാണ്. ഇപ്പോൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ക്വാറികളുടെ കല്ലുകൾ ക്രഷറുകൾക്ക് നൽകുന്നത് തടയുകയും വേണം.

ജില്ലാ ഭരണകൂടത്തെ മുൾമുനയിൽ നിർത്തിയും സംസ്ഥാന സർക്കാറിൽ അമിത സ്വാധീനം ചെലുത്തിയും ~~[illegible]~~ വരുംകാലത്തേക്കുമുള്ള ഉപയോഗത്തിനായി സൂക്ഷിച്ച് വിനിയോഗിക്കേണ്ട പ്രകൃതിവിഭവങ്ങൾ കൊള്ളയടിക്കാനുള്ള വാഴിയ നീക്കം ~~[illegible]~~ വയനാട്ടുകാർ ചെറുത്തുതോല്പിക്കണമെന്ന് ഞങ്ങൾ അഭ്യർത്ഥിക്കുന്നു.

എന്ന്,

N. ബാദുഷ (പ്രസിഡണ്ട്), തോമസ് അമ്പലവയൽ (സെക്രട്ടറി), N. ഗംഗാധരൻ (വക്താവ്)

കൽപ്പറ്റ. 30-6-2018

വയനാട് പ്രകൃതിസംരക്ഷണസമിതി.
PO: സുൽത്താൻ ബത്തേരി. വയനാട്.

**വയനാട് പ്രകൃതിസംരക്ഷണ സമിതി**
പി.ഒ. സുൽത്താൻ ബത്തേരി
വയനാട്-കേരളം 673 592

**WAYANAD PRAKRUTI SAMRAKSHANA SAMITI**
P.O. Sulthans Bathery,
Wayanad-Keralam 673 592
Ph : 854759022

President/~~Secretary~~ N. ബാദുഷ. Date 6-12-2018

To, ബഹു: കേരളമുഖ്യമന്ത്രി.
തിരുവനന്തപുരം.

വിഷയം: വയനാട് വന്യജീവികേന്ദ്രത്തിലെ സ്വയംസന്നദ്ധ പുനരധിവാസ പദ്ധതി.
അനർഹരെ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതു സംബന്ധിച്ച പരാതി.

സർ, വയനാട് വന്യജീവികേന്ദ്രത്തിൽ ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന സ്വയംസന്നദ്ധ പുനരധിവാസ പദ്ധതിപ്രകാരം കൊട്ടങ്കര ഗ്രാമത്തിൽ 2011ൽ, അന്നവിടെ താമസമുണ്ടായിരുന്നവരും അർഹരുമായ മുഴുവൻ പേർക്കും പാക്കേജ് അനുസരിച്ചുള്ള 10ലക്ഷം രൂപ വീതം നൽകി പുനരധിവസിപ്പിച്ചു കഴിഞ്ഞതാണ്. എന്നാൽ, പിന്നീട് ചില വ്യക്തികൾ അവകാശവാദമുന്നയിച്ചതിനെ തുടർന്ന് 01-8-2014ൽ ജില്ലാ നടത്തിപ്പു സമിതി ഒരു കമ്മറ്റി രൂപീകരിക്കുകയും അവർ നിർദ്ദേശിച്ച 5 പേരെക്കൂടി ഉൾപ്പെടുത്തുകയും ബാക്കിയുള്ളവരുടെ അവകാശവാദങ്ങൾ വ്യാജമാണെന്ന് കണ്ടെത്തി തള്ളുകയുമാണ്. 25-6-2015ൽ ചേർന്ന യോഗമാണ് തള്ളിക്കളഞ്ഞത്. അന്നത്തെ ബത്തേരി ഫോറസ്റ്റ് റെയ്ഞ്ച് ഓഫീസർ, നൂൽപ്പുഴ പഞ്ചായത്ത് പ്രസിഡണ്ട്, പഞ്ചായത്തുമെമ്പർ എന്നിവരാണ് സബ് കമ്മറ്റിയിൽ അംഗങ്ങളായിരുന്നത്. പുനരധിവാസ പദ്ധതി നടപ്പിലാക്കിയ 29-11-2011ൽ കൊട്ടങ്കരയിൽ താമസമുണ്ടായിരുന്നവർക്കു പുറമെ 4-5 വർഷം മുൻപുവരെ താമസമുണ്ടായിരുന്നവരെയും പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

വീണ്ടും അവകാശമുന്നയിച്ചതിനെ തുടർന്ന് 14-6-2016ൽ ചേർന്ന ജില്ലാ നടത്തിപ്പു സമിതി യോഗം തീരുമാനമെടുക്കുന്നതിനായി സർക്കാറിലേക്കയച്ചുവെങ്കിലും സർക്കാർ തീരുമാനം ഇനിയും ഉണ്ടായിട്ടില്ല. എന്നാൽ അതിശക്തമായ സമ്മർദ്ദത്തെ തുടർന്ന് 27/4/18ന് ചേർന്ന ജില്ലാ നടത്തിപ്പു സമിതി മാനന്തവാടി സബ് കളക്ടർ, മാനന്തവാടി വനം ഡിവിഷൻ ACF എന്നിവരെ ചുമതലപ്പെടുത്തി. അവർ 23/11/2018ന് ചേർന്ന യോഗത്തിൽ റിപ്പോർട്ട് സമർപ്പിച്ചു. കൊട്ടങ്കരയിലും വെള്ളക്കോട് ഗ്രാമത്തിലും ഒരുകാലത്തും താമസമില്ലാതിരുന്ന (1) രമാദേവി, (2) ആന്റിസ്, (3) ഡന്നിസ് എന്നിവർക്ക് 10ലക്ഷം രൂപ വീതം നൽകാനായിരുന്നു സബ് കമ്മറ്റിയുടെ ശുപാർശ. വൈൽഡ് ലൈഫ് വാർഡനും, പ്രകൃതിസംരക്ഷണസമിതി പ്രതിനിധിയും ശക്തമായി എതിർത്തെങ്കിലും കലക്ടർ ഏകപക്ഷീയമായി തീരുമാനം അടിച്ചേൽപ്പിക്കുകയാണ്.

മാനന്തവാടി സബ് കളക്ടർ സമർപ്പിച്ച റിപ്പോർട്ടിന്റെ കോപ്പി ഇതുവരെ കമ്മറ്റിയംഗങ്ങൾക്കോ വൈൽഡ് ലൈഫ് വാർഡനോ നൽകിയിട്ടില്ല. കൊട്ടങ്കരയും വെള്ളക്കോടും ഫോറസ്റ്റ് [illegible]. ഗുണഭോക്താക്കളെ തെരഞ്ഞെടുത്ത് ശുപാർശ നൽകേണ്ടത് വനംവകുപ്പാണ്. അവർ ശുപാർശ ചെയ്യാത്തവരെ പാക്കേജിൽ ഉൾപ്പെടുത്താൻ ജില്ലാ നടത്തിപ്പു സമിതിക്കോ, സബ് കമ്മറ്റിക്കോ ജില്ലാ കലക്ടർക്കോ അധികാരമില്ല.

ജില്ലാകലക്ടർ പണം നൽകുന്നതിന് തെരഞ്ഞെടുത്ത രമാദേവി കൊട്ടങ്കരയിൽ താമസക്കാരിയല്ല. കഴിഞ്ഞ 15 വർഷമായി അവർ അസംപ്ഷൻ സ്കൂളിൽ ജോലി ചെയ്തുവരികയാണ്. ആന്റിസ്, ഡന്നിസ് എന്നിവർ ഹാജരാക്കിയ റേഷൻകാർഡ്, വീട്ടുനമ്പർ എന്നിവ ~~[illegible]~~ വ്യാജവും കെട്ടിച്ചമച്ചതുമാണെന്ന് വൈൽഡ് ലൈഫ് വാർഡൻ കണ്ടെത്തിയതാണ്.

യാതൊരു അർഹതയുമില്ലാത്ത മൂന്നു പേർക്ക് ഈ പദ്ധതി പൂർത്തീകരിച്ച് 7 വർഷത്തിനുശേഷം 10ലക്ഷം രൂപ നൽകിയാൽ അവരെക്കാൾ അർഹതയുള്ളവരും

പുനരധിവാസഗ്രാമങ്ങളിൽ ~~[illegible]~~ ജനിച്ചുവളർന്നവരും, പദ്ധതിനടപ്പിലാക്കുന്നതിന്റെ സമീപ വർഷങ്ങളിൽ വരെ താമസമുണ്ടായിരുന്നവരുമായ കൊട്ടാരക്കരയിലെയും വെള്ളത്തൂവലിലെയും 30ൽ പരം പേരും, പദ്ധതിക്കായി കുടിയൊഴിഞ്ഞ കുറിച്യാട്, അരക്കുഞ്ഞി, അമ്പലവയൽ, ഗോളൂർ തുടങ്ങിയ പ്രദേശത്തെ 50 ഓളം ആളുകളും, ഇപ്പോൾ പദ്ധതിനടത്തുന്ന പെരിയാലത്തിലെ 50ൽ പരം പേരും അനുകൂല വാദവുമായി രംഗത്തെത്തിയിരിക്കുകയാണ്. അവർക്കു ഈ പദ്ധതി നടന്നുകാണണമെന്നുണ്ട് വരുമെന്ന് തീർച്ചയാണ് ~~[illegible]~~. ഇന്നത്തെ വസ്തുത ഈ പദ്ധതിക്ക് ഉണ്ടാകേണ്ട MoEF/CC അനുമതിയില്ലെന്ന് ഉറപ്പാണ് ~~[illegible]~~. പദ്ധതി അതെങ്ങനെ അട്ടിമറിക്കപ്പെടുവാൻ ഇടയാകും. ആയതിനാൽ താങ്കൾ ഇടപെട്ട് 23/11/2018ലെ ഈ മിനുട്ട്സ് യോഗതീരുമാനം ~~[illegible]~~ റദ്ദാക്കാൻ നടപടികൾ എടുക്കണമെന്ന് അപേക്ഷിക്കുന്നു.

എന്ന്
വിശ്വസ്തതയോടെ
N. ബാബു. (ജില്ലാ പരിസ്ഥിതി സമിതി അംഗം)
ഒപ്പ്

(1) ബഹു: ~~[illegible]~~ പ്രിൻസിപ്പൽ സെക്രട്ടറി
കേരളസർക്കാർ. തിരുവനന്തപുരം.

(2) ബഹു: പി.സി.സി.എഫ്,
&
ചീഫ് വൈൽഡ് ലൈഫ് വാർഡൻ
തിരുവനന്തപുരം.

N. ബാദുഷ. പ്രകൃതിസംരക്ഷണസമിതി.

## ബാണാസുരസാഗർ: ജനവിരുദ്ധനടപടികൾക്കെതിരെ പ്രക്ഷോഭം.

ബാണാസുരസാഗർ അണക്കെട്ട് നിർമ്മിച്ചിട്ടുള്ള കരമാൻതോട്ടിൽ വേനൽക്കാലത്ത് പാരിസ്ഥിതികനീരൊഴുക്ക് ഉറപ്പുവരുത്തണമെന്നും തെക്കുപടിഞ്ഞാറൻ കാലവർഷം അവസാനിക്കുന്നതുവരെ റിസർവ്വോയറിന്റെ 75% ശതമാനം ജലം മാത്രമേ നിറക്കാവൂ എന്നും ഡാം നിർമ്മാണസമയത്ത് ജനങ്ങളും വൈദ്യുതിബോർഡും തമ്മിൽ ഉണ്ടാക്കിയ വ്യവസ്ഥകൾ പൂർണ്ണമായും നടപ്പിലാക്കണമെന്നും പടിഞ്ഞാറത്തറയിൽ ചേർന്ന ജനകീയ കൺവൻഷൻ ആവശ്യപ്പെട്ടു. കഴിഞ്ഞ ആഗസ്റ്റ് മാസത്തിൽ അർദ്ധരാത്രിയിൽ ഉണ്ടായ മിന്നൽപ്രളയത്തിന്റെ പൂർണ്ണ ഉത്തരവാദിത്തം KSEBക്കായതിനാൽ അവരിൽനിന്നും സർക്കാർ നഷ്ടപരിഹാരം ഈടാക്കി പ്രളയബാധിതർക്ക് നൽകാൻ കാലതാമസമുണ്ടാകരുത്.

ബാണാസുരസാഗർ അണക്കെട്ടിലെ വെള്ളത്തിന്റെ മുപ്പത്തഞ്ച് ശതമാനം കാർഷികാവശ്യത്തിനും കുടിവെള്ളത്തിനും ലഭ്യമാക്കുമെന്ന ഉറപ്പിലാണ് കേരളസർക്കാർ കേന്ദ്രവനം-പരിസ്ഥിതി വകുപ്പിൽനിന്നും കേന്ദ്ര ജലകമ്മീഷനിൽനിന്നും അനുമതിയും ലോകബാങ്കിൽനിന്നും വായ്പയും സംഘടിപ്പിച്ചത്. ഉറപ്പുകൾ പാലിച്ചില്ലെന്നുമാത്രമല്ല ഡാമിന്റെ താഴ്ഭാഗത്ത് വേനൽക്കാലത്ത് വരൾച്ചയും ജലക്ഷാമവും വർഷകാലങ്ങളിൽ പ്രളയവും മാറിമാറി ആവർത്തിക്കുന്നു. KSEBയുടെ ജനവിരുദ്ധനിലപാടും ധിക്കാരവും മാത്രമാണിതിനു കാരണം. ഉദ്യോഗസ്ഥന്മാരുടെയും [illegible] കാര്യത്തിലും അവർക്ക് യാതൊരു ഉത്തരവാദിത്തവും ഉത്കണ്ഠയുമില്ല.

റിസർവ്വോയറിൽ ഡാംസുരക്ഷാമാനദണ്ഡങ്ങൾ പാലിക്കാതെ പൂർണ്ണമായും വർഷാരംഭത്തിലേ വെള്ളം നിലനിർത്തുന്നത് വൈദ്യുതി ഉത്പാദനത്തിനല്ല. പരിസരങ്ങളിലെ റിസോർട്ടുടമകളെ സഹായിക്കാനും ഹൈഡൽ ടൂറിസം പൊടിപൊടിക്കാനുമാണ്.

കബനീനദിയുടെ കൈവഴികളിൽ എല്ലാം വൻനാശങ്ങൾ നടന്നുകൊണ്ടിരിക്കുകയാണിപ്പോൾ. [illegible]ലും വെണ്ണിയോടും മാനന്തവാടിയിലും പുഴത്തീരങ്ങളിൽ നിയമവിരുദ്ധനിർമ്മാണം പൊടിപൊടിക്കുകയാണ്. പനമരം പുഴയുടെ പുറമ്പോക്കിൽ പോലീസ് സ്റ്റേഷനും ബ്ലോക്ക് പഞ്ചായത്ത് കെട്ടിടവും നിൽക്കുന്നത് സർക്കാർ പുറത്തിറക്കിയ ചട്ടങ്ങളും മാനദണ്ഡങ്ങളും കാറ്റിൽ പറത്തിയാണ്. കഴിഞ്ഞ പ്രളയകാലത്ത് രണ്ടാൾപൊക്കത്തിൽ വെള്ളം നിന്ന സ്ഥലത്താണ് നിർമ്മാണം.

കബനീനദിയുടെയും കൈവഴികളുടെയും സംരക്ഷണത്തിനും ബാണാസുരസാഗർ ഡാം ഉയർത്തുന്ന വെല്ലുവിളികൾ നേരിടുന്നതിനുമായി ~~[illegible]~~. യു.സി. ഹുസൈൻ ചെയർമാനും സജീവ് പടിഞ്ഞാറത്തറ, ദിവാകരൻമാസ്റ്റർ വൈസ് ചെയർമാന്മാരുമായി കമ്മിറ്റി രൂപീകരിച്ചു.

കൺവൻഷൻ പടിഞ്ഞാറത്തറ പഞ്ചായത്ത് പ്രസിഡണ്ട് M.P നൗഷാദ് ഉദ്ഘാടനം ചെയ്തു. N. ബാദുഷ അദ്ധ്യക്ഷനായി. S.P. രവി, വിഷ്ണുദാസ് എന്നിവർ പ്രബന്ധമവതരിപ്പിച്ചു. പഞ്ചായത്ത് വൈസ് പ്രസിഡണ്ട് നസീമ, K.P. മൊയ്തീൻ, സുലോചന രാമകൃഷ്ണൻ, വർഗ്ഗീസ് വട്ടേക്കാട്ടിൽ, തോമസ്സ് അമ്പലവയൽ, അബു പൂക്കോട്, ബഷീർ ആനന്ദ്ജോൺ, പന്തിപ്പൊയിൽ [illegible], ഷൈജിൻ വാഴവറ്റ, എന്നിവർ പ്രസംഗിച്ചു.

ആവശ്യങ്ങൾ അംഗീകരിക്കുന്നതിനായി പ്രക്ഷോഭസമരങ്ങൾ നടത്താനും, ഹൈക്കോടതിയിൽ കേസ്സ് നൽകാനും കൺവൻഷൻ തീരുമാനിച്ചു.

S. ബത്തേരി.
17.2.2019.

N. ബാദുഷ. [signature]
വയനാട് പ്രകൃതിസംരക്ഷണസമിതി
ബാണാസുര പ്രകൃതിസംരക്ഷണസമിതി
ഫ്രണ്ട്സ് ഓഫ് ലത

[illegible]

# കുറുവ ശാശ്വതമായി അടച്ചുപൂട്ടണം.

പ്രകൃതിസംരക്ഷണ സമിതി.

കേന്ദ്രത്തിലും കേരളത്തിലും ഭരിക്കുന്നവർ ട്രഷറി ബെഞ്ചിലും മുഖ്യകക്ഷികളും സകലപ്രകൃതിവിഭവങ്ങളും കുത്തകകൾക്കും മാഫിയകൾക്കും അടിയറ വയ്ക്കാൻ നിർലജ്ജം മത്സരിച്ചുകൊണ്ടിരിക്കുകയും കുറുവദ്വീപുകൾ ടൂറിസ്റ്റുകൾക്ക് അനിയന്ത്രിതമായി തുറന്നുകൊടുക്കുവാൻ വേണ്ടി ഭരണകക്ഷിയും MLAമാരും പ്രതിപക്ഷവും സമരം ചെയ്യുകയും ചെയ്യുന്ന ഗുരുതരമായ അവസ്ഥയിൽ വയനാട്ടിലെ ശേഷിച്ച വനങ്ങളും ജലസ്രോതസ്സുകളും സംരക്ഷിക്കാൻ പൊതുസമൂഹം രംഗത്തിറങ്ങണമെന്ന് വയനാട് പ്രകൃതിസംരക്ഷണ സമിതി അഭ്യർത്ഥിച്ചു. വനങ്ങളെയും വന്യജീവികളെയും ആവാസവ്യവസ്ഥകളെയും സംരക്ഷിച്ചേ തീരൂ.

അദ്വിതീയവും അനന്യവുമായ പരിസ്ഥിതിസന്തുലനം നിലനിർത്തുന്ന കുറുവ ജൈവമണ്ഡല ദ്വീപ് സമുച്ചയം പശ്ചിമഘട്ടമലനിരകളിലെ ഏറ്റവും സമ്പന്നവും ജൈവവൈവിധ്യമുള്ളതുമായ ആവാസവ്യവസ്ഥയും നിരവധി ജലജീവികളുടെ പ്രജനന കേന്ദ്രവുമാണ്.

കുറുവയിലോ ഇന്ത്യയിലെവിടെയെങ്കിലും വനഭൂമിയിലോ ടൂറിസം നടത്താൻ വനംവകുപ്പിന് അധികാരമില്ല. ~~[illegible]~~ വനത്തിനകത്ത് കുറുവയിലടക്കം എല്ലായിടത്തും ടൂറിസം നടത്തുന്നത് വനസംരക്ഷണസമിതികളും ഇക്കോഡെവലപ്മെന്റ് കമ്മറ്റികളുമാണ്. വനാശ്രിത സമൂഹത്തിൽപ്പെട്ടവരും പരിസരവാസികളുമായ ആദിവാസികളുമായിരിക്കണം ടൂറിസത്തിന്റെ ഗുണഭോക്താക്കളെന്നും വ്യവസ്ഥയുണ്ട്. MLA ചെയർമാനായ കുറുവയിലെ ടൂറിസം ഡെസ്റ്റിനേഷൻ കമ്മറ്റിക്കും, DTPCക്കും കുറുവയുടെമേൽ എന്ത് അധികാരമാണുള്ളതെന്നും ഏതു നിയമമനുസരിച്ചാണെന്നും അവർ വ്യക്തമാക്കണം. DTPCയെയും TDCയെയും കുറുവയിൽ നിന്നും പുറത്താക്കണമെന്ന് ഞങ്ങൾ ആവശ്യപ്പെടുന്നു.

വനംവകുപ്പ് ഉദ്യോഗസ്ഥരെ ബന്ദികളാക്കിയും ഉപരോധിച്ചും മുൾമുനയിൽ ~~[illegible]~~ നിർത്തി സ്ഥാപിതതാൽപ്പര്യങ്ങൾ നേടിയെടുക്കാനുള്ള അപഹാസ്യമായ ശ്രമത്തിന്റെ തുടർച്ചയാണ് ഇപ്പോൾ നടന്നുവരുന്ന സമരാഭാസം. മനുഷ്യ-വന്യജീവിസംഘർഷം, കാർഷികത്തകർച്ച, തുടങ്ങിയ പൊള്ളുന്ന പ്രശ്നങ്ങളിൽ അന്ധരും ബധിരരുമായിരിക്കുന്നവർ നടത്തുന്ന സമരം ആർക്കുവേണ്ടിയാണെന്ന് വ്യക്തമാണ്. പാൽവെളിച്ചം കേന്ദ്രീകരിച്ചുള്ള റിസോർട്ടുമാഫിയക്കുവേണ്ടിയാണീ സമരമെന്ന് തീർച്ചയാണ്.

ജനങ്ങളെ ഒരിക്കലും പ്രവേശിപ്പിക്കാതെ കാത്തുരക്ഷിക്കേണ്ട കുറുവയിൽ ടൂറിസം തുടങ്ങിയത് വനംവകുപ്പിന്റെ പിഴവാണ്. കുറുവയിൽ നടക്കുന്ന ടൂറിസം കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതിയില്ലാത്തതും നിയമവിരുദ്ധവുമാണ്. കുറുവദ്വീപുകൾ ശാശ്വതമായി അടച്ചുപൂട്ടണമെന്നും നിയമലംഘനം അവസാനിപ്പിക്കണമെന്നും പ്രകൃതിസംരക്ഷണ സമിതി വനംവകുപ്പിനോട് ആവശ്യപ്പെട്ടു.

യോഗത്തിൽ തച്ചമ്പത്ത് രാമകൃഷ്ണൻ അദ്ധ്യക്ഷൻ. സണ്ണി മരക്കടവ്, N. ബാദുഷ, തോമസ് അമ്പലവയൽ, ബാബു മൈലമ്പാടി, M. ഗംഗാധരൻ, A.V. മനോജ്, P.M. സുരേഷ് തുടങ്ങിയവർ പ്രസംഗിച്ചു.

1[illegible]/5/2009. — N. ബാദുഷ. പ്രസിഡണ്ട്. W.P.S.S.

കുറുവ

കുറുവ ശാശ്വതമായി അടച്ചുപൂട്ടണം.
- പ്രകൃതിസംരക്ഷണ സമിതി.

വനംവകുപ്പുദ്യോഗസ്ഥന്മാരെ ബന്ദികളാക്കിയും ഉപരോധിച്ചും മുൾമുനയിൽ നിർത്തി സ്ഥാപിത താത്പര്യങ്ങൾ നേടിയെടുക്കാൻ MLA മാരും രാഷ്ട്രീയപ്പാർട്ടികളും കച്ചകെട്ടിയിറങ്ങിയ വിചിത്ര

കുറുവ ശാശ്വതമായി

# അൽഫോൺസ് കണ്ണന്താനം കൊല്ലുന്ന രാജാവിന്റെ തിന്നുന്ന മന്ത്രി.

അളവറ്റ പ്രകൃതിവിഭവങ്ങൾക്കു മേലുള്ള പരിപൂർണ്ണ നിയന്ത്രണത്തിനു വേണ്ടി കോർപ്പറേറ്റുകളും ഭരണാധികാരികളും ചേർന്ന് രൂപം കൊണ്ടുകൊണ്ടിരിക്കുന്ന നവഫാസിസത്തിന്റെ പ്രതീകവും പ്രചാരകനുമായ അൽഫോൺസ് കണ്ണന്താനം കൊല്ലുന്ന രാജാവിന്റെ തിന്നുന്ന മന്ത്രിമാത്രമാണ്. ലോകം മുഴുവൻ പരിസ്ഥിതിലോലമാണെന്ന കണ്ണന്താനത്തിന്റെ കണ്ടെത്തൽ ഒന്നും തന്നെ പ്രത്യേകമായി സംരക്ഷിക്കേണ്ടതില്ലെന്നും എല്ലാം കോർപ്പറേറ്റുകൾക്കും മാഫിയകൾക്കും കൊള്ളയടിക്കാനുള്ളതാണെന്നുമുള്ള ദുഷ്ടലാക്കോടെയാണ്. ഗാഡ്ഗിൽ-കസ്തൂരിരംഗൻ റിപ്പോർട്ടിനെതിരെയും പശ്ചിമഘട്ടസംരക്ഷണത്തിനെതിരെയുമുള്ള അദ്ദേഹത്തിന്റെ നിലപാടുകൾ വനം-ഭൂമാഫിയകളെയും പടനയിച്ച പള്ളിമേധാവികളെയും സന്തോഷിപ്പിക്കാനുള്ളതാണ്.

വനമൊഴികെ മറ്റൊന്നും പരിസ്ഥിതിലോലപ്രദേശമാക്കേണ്ടതില്ലെന്ന നിലപാട് അദ്ദേഹത്തിന്റെ രാഷ്ട്രീയ യജമാനന്മാരുടെ ഇംഗിതത്തിനനുസരിച്ചുള്ളതാണെന്ന് വ്യക്തമാണ്. ഇന്ദിരാഗാന്ധിയുടെ കാലം തൊട്ട് ഇന്ത്യാസർക്കാറിന് മാർഗ്ഗനിർദ്ദേശം നൽകുന്ന ദേശീയവനനയവും വനസംരക്ഷണനിയമങ്ങളും മറ്റെല്ലാ പരിസ്ഥിതി നിയമങ്ങളും മോദി ഭരണകൂടം പൊളിച്ചടുക്കിക്കൊണ്ടിരിക്കുകയാണ്. കോർപ്പറേറ്റുകളെയും സ്വകാര്യകമ്പനികളെയും കാട്ടിലേക്കാനയിച്ചുകൊണ്ടിരിക്കുകയാണ്. പുതിയ നയങ്ങളും നിയമങ്ങളും അണിയറയിൽ തിരുതൃതിയായി നിർമ്മിച്ചുകൊണ്ടിരിക്കുകയാണ്.

കോടതികൾക്കും ഹരിതട്രൈബ്യൂണലിനുമെതിരായ കണ്ണന്താനത്തിന്റെ പുതിയ പ്രഖ്യാപനം യാദൃച്ഛികമല്ല. ദേശീയ ഹരിതട്രൈബ്യൂണലിന്റെ ചെന്നൈയിലെതടക്കമുള്ള നാല് ബെഞ്ചുകൾ നേരത്തെ പൂട്ടിക്കഴിഞ്ഞു. ഡൽഹി ബെഞ്ചിനെ ചിത്രവധം ചെയ്തുകൊണ്ടിരിക്കുന്നു. കോർപ്പറേറ്റുകളുടെയും ഭരണകൂടത്തിന്റെയും അനഭിമതരാകുന്നവർ നാൾക്കുനാൾ പ്രഹരമേറ്റുകൊണ്ടിരിക്കുന്നു.

കുറുവദ്വീപിലേക്ക് അനിയന്ത്രിതമായി സന്ദർശകരെ കയറ്റിവിടണമെന്നും ഇക്കോ-സെൻസിറ്റീവ് സോണുകൾ വേണ്ടെന്നും പ്രകൃതിവിഭവങ്ങൾ കുത്തകകൾക്കും മാഫിയകൾക്കും കൊള്ളയടിക്കാനുള്ളതാണെന്നുമുള്ള മോദിയുടെ വിനീതവിധേയനായ കണ്ണന്താനത്തിന്റെ നിലപാടുകൾ ഇടതുപക്ഷത്തിന്റെയും ഇഷ്ടമായത് അത്ഭുതകരമാണ്.

വയനാട്ടിലെത്തിയ ടൂറിസം മന്ത്രിയിൽ നിന്നും അത്യാർത്തിയോടെ പലതും പ്രതീക്ഷിച്ച ടൂറിസം മാഫിയയെ നിരാശപ്പെടുത്തിയാണ് കണ്ണന്താനം ചുരമിറങ്ങിയത് എന്നതു വലിയ ആശ്വാസം തന്നെയാണ്.

പ്രകൃതിസംരക്ഷണസമിതിയോഗത്തിൽ N. ബാദുഷ അദ്ധ്യക്ഷൻ. ബാബു മൈലമ്പാടി, തോമസ് അമ്പലവയൽ, A.V. മനോജ്, രാമകൃഷ്ണൻ തച്ചമ്പത്ത്, സണ്ണി മരക്കടവ്, ജസ്റ്റിൻ തോമസ്, ഗോപാലകൃഷ്ണൻ മൂലങ്കാവ് പ്രസംഗിച്ചു.

— N. ബാദുഷ. (ഒപ്പ്)

കൽപ്പറ്റ.
5-7-'18

# വനംവകുപ്പ് ഉദ്യോഗസ്ഥർക്കെതിരായ വിദ്വേഷപ്രചരണം അവസാനിപ്പിക്കണം.

നിലവിലുള്ള വനനിയമങ്ങൾ നടപ്പിലാക്കാൻ കർക്കശനടപടികൾ സ്വീകരിക്കുകയും ആനകളെ ഷോക്കേൽപ്പിച്ചു കൊന്നവർക്കും വനം കൈയേറ്റക്കാർക്കും വന്യജീവി വേട്ടക്കാർക്കും എതിരെ കേസ്സെടുക്കുകയും ചെയ്തതിന്റെ പകതീർക്കുന്നതിനായി അസത്യജടിലമായ കിംവദന്തികൾ പ്രചരിപ്പിച്ച് വനംവകുപ്പ് ഉദ്യോഗസ്ഥർക്കെതിരെ ഭരണത്തിന് നേതൃത്വം നൽകുന്ന കക്ഷി തന്നെ വിദ്വേഷപ്രചരണം നടത്തുന്നത് അവസാനിപ്പിക്കണമെന്ന് വയനാട് പ്രകൃതിസംരക്ഷണസമിതി ആവശ്യപ്പെടുന്നു.

ആദിവാസികളുടെയും കർഷകരുടെയും പേരുവാങ്ങി കഴിഞ്ഞദിവസം മുത്തങ്ങ റെയിഞ്ച് ആപ്പീസിനു മുൻപിൽ നടന്ന സമരം വനംകൊള്ളക്കാരും, റിസോർട്ട് മാഫിയയും, കാട്ടാനയെ ഷോക്കേൽപ്പിച്ചു കൊന്നവരും സ്പോൺസർ ചെയ്തതാണ്. സമരത്തിൽ പ്രകോപനപരമായ പ്രസംഗമാണ് നേതാക്കൾ നടത്തിയത്.

വന്യജീവിസങ്കേതത്തിലൂടെ ഒഴുകുന്ന പുഴയിൽ മോട്ടോർ പമ്പുകൾ പ്രവർത്തിക്കുന്നത് ശിക്ഷാർഹമായ കുറ്റമാണ്. കേരളത്തിലെ അഞ്ചുലക്ഷത്തോളം ഏക്കർ വരുന്ന നിക്ഷിപ്തഭൂമിക്ക് പട്ടയം നൽകേണ്ടത് റെയിഞ്ച് ഓഫീസറല്ല. കേരളസർക്കാരിനു പോലും അതിന് അധികാരമില്ല. ആദിവാസികളുടെ വനാവകാശം നിശ്ചയിക്കാൻ റെയിഞ്ച് ഓഫീസർക്ക് അധികാരമില്ല. വനസംരക്ഷണ നിയമങ്ങൾ തന്നെ ഉത്തരവാദി താഴെത്തട്ടിലുള്ള വനംവകുപ്പ് ഉദ്യോഗസ്ഥരാണെന്ന് വരുത്തിവച്ച്, മനുഷ്യ-വന്യജീവി സംഘർഷം മൂലം വൻനഷ്ടം നേരിടുന്ന ജനങ്ങളെ [illegible] ~~[illegible]~~ ഭരണസ്ഥാപനങ്ങളെ സംരക്ഷിക്കാൻ ബാധ്യതപ്പെട്ട ഭരണകക്ഷിക്ക് തീരെ ധാർമ്മികതക്ക് യോജിക്കാത്ത പ്രവർത്തനമാണ്.

സമിതിയോഗത്തിൽ എം. ഗംഗാധരൻ അദ്ധ്യക്ഷം വഹിച്ചു. തച്ചമ്പത്ത് രാമകൃഷ്ണൻ, എ.വി. മനോജ്, തോമസ് അമ്പലവയൽ, ബാബു മൈലമ്പാടി, സണ്ണി മരക്കടവ്, എൻ. ബാദുഷ തുടങ്ങിയവർ പ്രസംഗിച്ചു.

എസ്. ബത്തേരി }
9-11-2018. }

ഒപ്പ്
എൻ. ബാദുഷ (ഒപ്പ്)
പ്രസിഡന്റ്, വയനാട് പ്രകൃതിസംരക്ഷണസമിതി

BANDIPUR NATIONAL PARK..........HEAVEN FOR TIGERS IN KARNATAKA , INDIA AND THE WORLD SHOULD BE PROTECTED AND CONSERVED @ ANY COST.... BANDIPUR TIGER RESERVE WHICH HAS THE LARGEST TIGER POPULATIONS IN SOUTH INDIA AND ALSO THE FIRST TIGER RESERVE TO COME UNDER PROJECT TIGER IN SOUTH INDIA IN 1974.
BANDIPUR TIGER RESERVE PLAYS A MAJOR ROLE AND PART IN NILGIRIS BIOSPHERE...WHICH IS ONE OF THE TOP BIOSPHERE HOTSPOTS IN THE WORLD.

LETS FIGHT TILL THE LAST FOR BANDIPUR TIGER RESERVE WHICH ITSELF IS REAL KOHINOOR DIAMOND FOR KARNATAKA , INDIA AND THE WORLD.

BANDIPUR IS PRICELESS...........

NILGIRIS BIOSPHERE IS PRICELESS...................

LETS STOP AND FIGHT AGAINST THE PROPOSAL OF CONSTRUCTION OF ELEVATED ROADS INSIDE NATIONAL PARKS AND ALSO VEHICULAR TRAFFIC MOVEMENT 24/7 INSIDE OUR BANDIPUR NATIONAL PARK.....

ATLEAST @ NIGHT LET THE WILD ANIMALS WHICH ARE MOST NOCTURNAL IN NATURE LIVE IN PEACE FROM NOISE POLLUTION,
DUST POLLUTION AND ACCIDENTS FREE.........

REMEMBER BANDIPUR IS WILD ANIMALS HOME.........WE ARE THE INTRUDERS............WE SHOULD LEAVE THE SELFISH AND GREEDY NATURE OF HUMANS AND LEARN TO CARE AND RESPECT ITS HOME............

WHEN WE CANNOT TOLERATE MOSQUITOES , RATS COCKROACHES AND FLIES @ OUR HOME , HOW CAN WE EXPECT WILD ANIMALS TO TOLERATE US ( THE
GREEDY SELFISH HUMANS ) @ THEIR HOMES..................

WE SELFISH GREEDY HUMANS ARE LIKE ........ SAME OR MORE AS RATS, MOSQUITOES , COCKROACHES AND FLIES FOR WILD ANIMALS IN THE FORESTS WHICH IS THEIR HOME.....

TIGERS ARE ON THE TOP OF THE FOOD CHAIN............TIGERS IN THE FORESTS MEANS...........THAT FOREST IS THE BEST / TOO GOOD........ MEANS A FOREST FULL OF HEALTHY WILDLIFE............

THAT MEANS IN SIMPLE WORDS

" BY SAVING TIGERS WE ARE SAVING FORESTS AND BY SAVING FORESTS........WE ARE SAVING MANKIND ".

## വന്യജീവിപ്രശ്നം: ജനപ്രതിനിധികളും രാഷ്ട്രീയപ്പാർട്ടികളും ഉത്തരവാദി:

- പ്രകൃതിസംരക്ഷണസമിതി.

ഇന്നനുഭവപ്പെടുന്ന സ്ഫോടനാത്മകമായ മനുഷ്യ-വന്യജീവി സംഘർഷത്തിന്റെ ഉത്തരവാദിത്തം കേരളം മാറിമാറി ഭരിച്ച രാഷ്ട്രീയപ്പാർട്ടികൾക്കും MLAമാർ, MPമാർ, തുടങ്ങിയ ജനപ്രതിനിധികൾക്കും മാത്രമാണെന്നും എവിടെയെങ്കിലും ജനങ്ങൾ പ്രക്ഷോഭത്തിനിറങ്ങുമ്പോൾ ഓടിയെത്തി മുതലക്കണ്ണീർ പൊഴിക്കുകയും നേതൃത്വം നൽകുകയും പിന്നെ മാളത്തിലേക്കു വലിയുകയും ചെയ്യുന്ന അവരെ ബന്ദികളാക്കാൻ കർഷകർ ധൈര്യപ്പെടണമെന്നും വയനാട് പ്രകൃതിസംരക്ഷണസമിതി ആവശ്യപ്പെടുന്നു. വയനാടിന്റെ മൂന്നിലൊന്നു വരുന്ന പ്രകൃതിദത്ത നിത്യഹരിത വനങ്ങൾ വെട്ടിമാറ്റി തേക്കും യൂക്കാലിപ്റ്റസും അക്കേഷ്യയും കൊണ്ട് ഏകവിളത്തോട്ടങ്ങളുണ്ടാക്കി വയനാടിനെ മരുഭൂമിയും നരകതുല്യവുമാക്കി മാറ്റിയവർ പ്രക്ഷോഭങ്ങൾക്ക് നേതൃത്വം നൽകുന്നത് തികഞ്ഞ വഞ്ചനയാണ്.

ഒരു ലക്ഷം ഹെക്ടർ വിസ്തൃതിയുള്ള വയനാടൻ വനങ്ങളിൽ 35000 ~~[illegible]~~ ഹെക്ടർ ഏകവിളത്തോട്ടമാണ്. ഇതിൽ 25000 ഹെക്ടർ തേക്കുതോട്ടമാണ്. വർഷംപ്രതി 1000 ഹെക്ടർ തേക്കുതോട്ടം വെട്ടിമാറ്റി സ്വാഭാവികവനമാക്കിമാറ്റിയാൽ ഓരോ കൊല്ലവും 2000 കോടി രൂപ സർക്കാറിന് ലഭിക്കും. ഇതിന്റെ നാൽ ഭാഗം ~~[illegible]~~ തുക ~~[illegible]~~ ചെലവഴിച്ചാൽ വയനാടിന്റെ വന്യജീവിപ്രശ്നവും കാർഷികപ്രതിസന്ധിയും മാത്രമല്ല, വികസന പ്രശ്നങ്ങളും പരിഹരിക്കാൻ കഴിയും.

തേക്ക്-യൂക്കാലിത്തോട്ടങ്ങൾക്ക് പകരം സ്വാഭാവിക വനങ്ങൾ പുനഃസ്ഥാപിക്കാനും കാടിനകത്തെ അനിയന്ത്രിത ടൂറിസം അവസാനിപ്പിക്കാനും ഇപ്പോൾ കാട്ടിൽ മേഞ്ഞുകൊണ്ടിരിക്കുന്ന ഒരു ലക്ഷത്തോളം നാൽക്കാലികളെ പുറത്താക്കാനും കാട്ടുതീ കർക്കശമായി തടയാനും തയ്യാറാകാത്തിടത്തോളം മനുഷ്യ-വന്യജീവിസംഘർഷം രൂക്ഷമാകുകതന്നെ ചെയ്യും. വയനാട്ടിലെ മനുഷ്യ-വന്യജീവിസംഘർഷം പരിഹരിക്കാൻ കുറുക്കുവഴികളില്ല.

പ്രകൃതിസംരക്ഷണസമിതിയോഗത്തിൽ N. ബാദുഷ അദ്ധ്യക്ഷം വഹിച്ചു. തോമസ് അമ്പലവയൽ, ബാബു മൈലമ്പാടി, തച്ചമ്പത്ത് രാമകൃഷ്ണൻ, C. ഗോപാലകൃഷ്ണൻ, സണ്ണി മരക്കടവ്, A.V മനോജ്, M. ഗംഗാധരൻ, ജസ്റ്റിൻ വാഴവറ്റ, V.M. വിമൽ എന്നിവർ പ്രസംഗിച്ചു.

S. Bathery
14-3-2019

N. Badusha

From

1. Sreedharan, aged 78 years, S/o.Narayanan
Goloor,Kidanganad.P.O , Wayanad Pin -673592
2.Balan G.A, aged 66 years, S/o.Achuthan Chetti
Goloor,Kidanganad.P.O , Wayanad Pin -673592
3.Raveendran,aged 48 years, S/o.Narayanan
Goloor,Kidanganad.P.O , Wayanad Pin -673592
4.Binu.S,aged 40 years, S/o.Sreedharan
Goloor,Kidanganad.P.O , Wayanad Pin -673592
5.Shaji G.42years, S/o.Sreedharan
Goloor,Kidanganad.P.O , Wayanad Pin -673592
6.Biju,aged 38 years, S/o.Sreedharan
Goloor,Kidanganad.P.O , Wayanad Pin -673592
7.K.B.Gireeshkumar,aged 43years,S/o.Balan
Goloor,Kidanganad.P.O , Wayanad Pin -673592
8.AneeshK.B,aged 39 years, S /o.Balan
Goloor,Kidanganad.P.O , Wayanad Pin -673592

**To**

The Principal chief Conservator of Forests& Chief Wild Life Warden ,

Forest Head quarters, Vazhuthakkad.P.O., Thiruvananthapuram., PIN-695 014.

Sir,

**Sub: Relocation of forest dwellers from Wayanad Wild life Sanctuary-Inadequacy of compensation**

**Ref:** letter F.No.21-1/2009 WL I dated 21/1/2009 issued by the Joint Director , Wildlife Division , Ministry of Environment and Forest to the Chief wild life Wardens of all the States

1. We were forest dwellers of Kurichiyad Tribal Settlement coming under Kurichiyad Forest Range which was deep inside the core areas of Wayanad Wild Life Sanctuary, for more than three generations.

2. While so, the Central Government decided to expand the scope of Centrally Sponsored Scheme for Integrated Development of Wildlife Habitats during the 11th Five year Plan Period to strengthen and consolidate the existing traditional wildlife